


പ്രതീക്ഷയുടെ
പൂമൊട്ടുകൾ
പള്ളിക്കൂദാശ ലക്കം 2014



# പിതൃമൊഴി

## ദൈവദാസൻ ബിഷപ് വില്യം ജക്വീന്താ

- പുണ്യ പൂർണതയുടെ പന്ഥാവിൽ കൂടി ഒരടിയെങ്കിലും മുമ്പോട്ടു പോകുവാൻ നാം ആഗ്രഹിക്കുന്നവെങ്കിൽ ആദ്യം എളിമയെന്ന പുണ്യം നമ്മടെ ഹൃദയത്തിന്റെ ആഴത്തിൽ നട്ടുപിടിപ്പിക്കാൻ ശ്രമിക്കണം.
- മറ്റുള്ളവർ നമ്മെക്കാൾ വലിയവരാണെന്ന് കരുതുവാനുള്ള എളിയ മനോഭാവം സ്വന്തമാക്കുക.
- ദൈവം നമ്മോട് ആവശ്യപ്പെടുന്ന ശുശ്രൂഷയിൽ നാം അഹങ്കരിക്കുകയോ അതിൽ നിന്നുണ്ടാകുന്ന ബുദ്ധിമുട്ടുകളെക്കുറിച്ചു വിലപിക്കുക അല്ല വേണ്ടത്. പ്രത്യുത 'ഇതാ, ഞാൻ എന്റെ ഈ ശുശ്രൂഷയിലൂടെ ഈശോ വളരുകയും ഞാൻ കുറയുകയും ചെയ്യണം' എന്നു മാത്രമായിരിക്കണം നമുക്കുണ്ടായിരിക്കേണ്ടത്.
- ദൈവപിതാവിന്റെ ഹിതം മനുഷ്യന് സമൃദ്ധിയിൽ ജീവൻ ഉണ്ടാക്കുക എന്നതാണ്. ജീവിതം അതിന്റെ എല്ലാ രൂപഭാവങ്ങളോടുംകൂടി പുഷ്പിക്കുകയും ഈ ഭൂമി ഒരു ഏദേൻ ആയിത്തീരുകയും ചെയ്യണം എന്നതാണ് അവിടുത്തെ ആഗ്രഹം.
- നമ്മുടെ അഹത്തോടുള്ള സ്നേഹമാണ് സ്വാർത്ഥത.
- ആർക്ക് സ്വാർത്ഥതയെ നശിപ്പിക്കാൻ കഴിയുന്നുവോ അവന് അതിൽനിന്നുളവാകുന്ന വികാരങ്ങളും തിന്മകളും - കോപം, നിരാശ, വെറുപ്പ്, അസൂയ, അലസത, അപവാദം, പിറുപിറുപ്പ്, ഇഷ്ടക്കേടുകൾ - നശിപ്പിക്കുവാൻ സാധിക്കും.
- നിത്യം നില നിൽക്കുന്ന ഒരു യാഥാർത്ഥ്യം സ്നേഹം മാത്രമാണ്.
- നമ്മുടെ ശുഭാപ്തിവിശ്വാസത്തിന്റെ യഥാർത്ഥ അടിസ്ഥാനം, പ്രത്യക്ഷത്തിൽ തിന്മയായി തോന്നാവുന്നവയെ നന്മയുടെ ഉറവിടമാക്കി മാറ്റാൻ കഴിവുള്ള ദൈവത്തിന്റെ സർവ്വശക്തിയിലുള്ള തീർച്ചയാണ്.
- സ്നേഹത്തിന്റെ ഏറ്റവും വലിയ രഹസ്യമാണു ക്ഷമ.
- നമ്മെ സ്നേഹത്തിൽ ഒന്നിപ്പിക്കുന്നതും സമ്പന്നരാക്കുന്നതും മറ്റുള്ളവരുടെ നേർക്കുള്ള യഥാർത്ഥമായ ശ്രവണ മനോഭാവവും അപരന്റെ ചിന്തകളോടുള്ള ആദരവുമാണ്.
- പരസ്നേഹത്തിന്റെ പരമവും പ്രധാനവുമായ ശത്രു സ്വാർത്ഥതയാണ്.
- എവിടെ സഹോദരങ്ങളുടെ നേർക്കു യഥാർത്ഥമായ സ്നേഹം ഉണ്ടോ, അവിടെ വ്യക്തിമാഹാത്മ്യ വാദമോ, തന്നെക്കുറിച്ചുതന്നെയുള്ള അമിതമായ മതിപ്പോ, മറ്റുള്ളവരിൽ കുറ്റം ആരോപിക്കലോ, വിധിക്കലോ, അവജ്ഞ കാണിക്കലോ, ഒന്നും ഉണ്ടാവുകയില്ല.
- പരസ്നേഹക്കുറവിന്റെ യഥാർത്ഥവേര് സ്ഥിതിചെയ്യുന്നത്, നമ്മുടെ സ്ഥാർത്ഥതയെ അതിജീവിക്കാനാവാത്ത അവസ്ഥയിലാണ്.

# പ്രതീക്ഷയുടെ പൂമൊട്ടുകൾ




വാല്യം 32 പള്ളിക്കൂദാശ ലക്കം 2014

*"ഇതാണ് ദൈവഹിതം, നിങ്ങളുടെ വിശുദ്ധീകരണം" (1 തെസ 4,3)*

രക്ഷാധികാരി:
**ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം**

**എഡിറ്റോറിയൽ ബോർഡ്**

ചീഫ് എഡിറ്റർ:
**മല്പാൻ റവ. ഡോ. മാത്യു വെള്ളാനിക്കൽ**

മാനേജിംഗ് എഡിറ്റർ:
**അന്നമ്മ കുളത്തൂപുരയിടം എ.ഒ.**

എക്സിക്യൂട്ടീവ് എഡിറ്റർ:
**ഷിനി തെരേസ് എ.ഒ.**

പത്രാധിപസമിതി:
**റവ. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ**
**അനു കുരിശുംമൂട്ടിൽ എ.ഒ.**
**ജിസ കൂട്ടിയാനിക്കൽ എ.ഒ.**

അഡ്വൈസറി ബോർഡ്:
**റവ. ഡോ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ**
**റവ. ഫാ. ജോസഫ് പുത്തൻപറമ്പിൽ**
**വിൽസൺ ജോർജ് അറയ്ക്കൽ** M.A. Mphil

സർക്കുലേഷൻ മാനേജേഴ്സ്:
**സ്റ്റെഫി മംഗലത്തുകുന്നേൽ എ.ഒ.**
**മിസ്റ്റർ കുര്യൻ മാത്യു ഇല്ലിക്കൽ**
**മിസ്റ്റർ അബ്രാഹം പുന്നാടംപാക്കൽ**

ഫിനാൻസ് മാനേജർ:
**ഷീലമ്മ പൂതക്കുഴി എ.ഒ.**

കവർ ഡിസൈനിംഗ് & ലേഔട്ട്
**ഡോളി കണ്ടച്ചാലിൽ എ.ഒ.**

**വാർഷിക വരിസംഖ്യ -100/-**

പ്രിന്റിംഗ്:
**വി.ജി. പ്രിന്റേഴ്സ്, മാങ്ങാനം. Tel: 2570862**
Email: wigipress@gmail.com

**പ്രോസാങ്ടിറ്റി പബ്ളിക്കേഷൻസ്**
**സ്പിരിച്ച്വാലിറ്റി സെന്റർ**
**മാങ്ങാനം പി. ഒ.**
**കോട്ടയം 686 018**
**ഫോൺ: 0481-2578192,2309774**
**Email: psmktm@gmail.com**

## ഉള്ളടക്കം


- കൂട്ടായ്മയുടെ ജീവിതം 03
- അന്ത്യവെട്ടത്തിനായുള്ള അന്ത്യവട്ടങ്ങൾ 06
- പള്ളിക്കൂദാശക്കാലം 08
- അപ്പനും അമ്മയും അറിയാൻ... 11
- അനുഗ്രഹദായകസഭയിൽ... 13
- സ്നേഹസാന്ത്വനം 15
- വിശുദ്ധിയുടെ മുത്തുകൾക്ക് 16-17
- Church and Youth 18-19
- വിശുദ്ധരോടൊപ്പം 20
- മക്കൾ ദൈവദാനം 22
- താബോറിൽനിന്നു താഴ്‌വരയിലേക്ക് 25
- കുഞ്ഞുങ്ങളാകാം....സ്വർഗ്ഗം നേടാം 27
- സ്വർഗ്ഗസ്ഥനായ പിതാവേ... 29
- സെനകിൾ തരംഗം 30
- അമ്മയോടൊപ്പം അനുഗ്രഹവഴിയേ 31
- വിചാരണ 32

എഡിറ്റോറിയൽ

# നിത്യജീവനിലേക്ക്

കുടുംബത്തിൽ അതിക്രമിച്ചു കയറി എല്ലാവരെയും ബന്ധിതരാക്കിയശേഷം തങ്ങളുടെ ദൈവത്തിലുള്ള വിശ്വാസം ഉപേക്ഷിക്കാൻ ഭീഷണിമുഴക്കുന്നവർ... മുതിർന്നവർ അതിനു തയ്യാറാകാതെ വരുമ്പോൾ കുട്ടികളെ ആയുധംകാട്ടി ഭയപ്പെടുത്തി വിശ്വാസം തള്ളിപ്പറയാൻ നിർബന്ധിക്കുന്ന ഭീകരർ... തെല്ലും പതറാതെ തങ്ങളുടെ ദൈവത്തിലുള്ള വിശ്വാസം ഏറ്റുപറയുന്ന കുട്ടികളെ മാതാപിതാക്കളുടെ മുമ്പിൽവച്ച് നിർദ്ദയം വധിക്കുന്ന കിരാതന്മാർ... വിശ്വാസം ഉപേക്ഷിക്കുന്നതിനു പകരം, തങ്ങൾക്കുള്ളതെല്ലാം ഇട്ടെറിഞ്ഞ് അരക്ഷിതത്വത്തിന്റെയും പട്ടിണിയുടെയും ഭാവിയെക്കുറിച്ചുള്ള ആശങ്കകളുടെയും ഇരുട്ടിലേക്ക് ഓടിമറയുന്നവർ...

പഴയനിയമത്തിലെ മക്കബായരുടെ പുസ്തകത്തിൽ പരാമർശിക്കുന്ന, വിശ്വാസത്തിനുവേണ്ടി ജീവൻ ത്യജിച്ച ഒരമ്മയുടെയും ഏഴു മക്കളുടെയും കാര്യമല്ല മുകളിലെ പരാമർശവിഷയം. രക്ഷകനായ മിശിഹായിലുള്ള വിശ്വാസം ഏറ്റുപറഞ്ഞ് മരണംവരിച്ച ആദിമസഭയിലെ ധീരരക്തസാക്ഷികളുടെ ചരിത്രവുമല്ല. ഇപ്പോൾ സിറിയായിലും ഇറാക്കിലും മറ്റും നടന്നുകൊണ്ടിരിക്കുന്ന മതഭ്രാന്തന്മാരുടെ കിരാതവാഴ്ചകൾക്കിരയാകുന്ന മതന്യൂനപക്ഷങ്ങൾ നേരിടുന്ന ക്രൂരതയുടെ ഒരു നിഴൽചിത്രംമാത്രം. രക്തസാക്ഷിത്വം വരിച്ച് വിശ്വാസം മുറുകെപ്പിടിക്കുവാൻ ഈ സഹോദരങ്ങളെ പ്രാപ്തരാക്കിയത് നിത്യജീവിതത്തെക്കുറിച്ചുള്ള അവരുടെ പ്രത്യാശയാണ്; ഈലോകജീവിതം സ്വർഗത്തെ ലക്ഷ്യമാക്കിയുള്ള തീർത്ഥാടനമാണെന്നുള്ള ഉത്തമ ബോദ്ധ്യമാണ്.

ആരാധനാവത്സരത്തിലെ അവസാനത്തെ നാല് ആഴ്ചകൾ ഉൾക്കൊള്ളുന്ന, തന്റെ മണവാട്ടിയായ സഭയെ പിതാവിന്റെ മുമ്പിൽ മിശിഹാ സമർപ്പിക്കുന്നതു ധ്യാനവിഷയമാക്കുന്ന, പള്ളിക്കൂദാശക്കാലത്തിലേക്ക് നാം പ്രവേശിക്കുകയാണല്ലോ. മിശിഹായുടെ മനുഷ്യാവതാരരഹസ്യത്തിൽ പങ്കുചേർന്നുകൊണ്ട് ദൈവജനം ആരംഭിക്കുന്ന വിശ്വാസതീർത്ഥാടനം തിരുസഭയുടെ സ്വർഗ്ഗീയമഹത്വരഹസ്യത്തിൽ പൂർത്തിയാകുന്നതു ചിന്താവിഷയമാക്കുന്ന ഈ കാലഘട്ടത്തിൽ നമ്മുടെ വിശ്വാസജീവിതത്തെ വിലയിരുത്തലിനു വിധേയമാക്കേണ്ടതുണ്ട്. രക്തസാക്ഷിത്വം വരിക്കേണ്ടി വരുന്നില്ലെങ്കിലും, വിശ്വാസസംരക്ഷണത്തിന്റെ പേരിൽ ഏതെങ്കിലും വിധത്തിൽ എന്തെങ്കിലും നമുക്കു നഷ്ടമാകും എന്നുവരുകിൽ അവയെല്ലാം നഷ്ടപ്പെടുത്തി ദൈവത്തെ മുറുകെപ്പിടിക്കാൻ നാം തയ്യാറാകുമോ? ക്രിസ്തീയതയുടെ പൂർണ്ണതയിലുള്ള, യഥാർത്ഥ സഭാംഗം എന്ന നിലയിലുള്ള, ഒരു സമർപ്പണം നമുക്ക് അവകാശപ്പെടാനാകുമോ? ഭൂമിയിലെ നഷ്ടങ്ങളെല്ലാം സ്വർഗത്തിലെ നേട്ടങ്ങളാണെന്ന ബോദ്ധ്യത്തിലുറച്ച് നിത്യജീവനെ ലക്ഷ്യമാക്കിയുള്ള ക്രിസ്തീയജീവിതം നയിക്കാൻ നമുക്കു പരിശ്രമിക്കാം.

**ചീഫ് എഡിറ്റർ**



സെനക്കിൾ ആദ്ധ്യാത്മികത - 22



# കൂട്ടായ്മയുടെ ജീവിതം

മല്പാൻ ഫാദർ മാത്യു വെള്ളാനിക്കൽ

വി. യോഹന്നാന്റെ സുവിശേഷം 17-ാം അദ്ധ്യായം 9 മുതലുള്ള വാക്യങ്ങളിൽ ഈശോ തന്റെ ശിഷ്യന്മാർക്കുവേണ്ടിയാണ് പ്രാർത്ഥിക്കുന്നത്. പുരോഹിതന്റെ ദൗത്യങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് മദ്ധ്യസ്ഥപ്രാർത്ഥന. ദൈവത്തിനും മനുഷ്യർക്കുമിടയ്ക്ക് മദ്ധ്യവർത്തിയാകുവാൻ പ്രത്യേകം നിയോഗിക്കപ്പെട്ടവനാണ് പുരോഹിതൻ. ലത്തീൻഭാഷയിൽ 'പൊന്തിഫെക്സ്' എന്നതാണ് പുരോഹിതനെക്കുറിക്കാൻ ഉപയോഗിക്കുന്ന ഒരു വാക്ക്. 'പൊന്തിഫെക്സ്' എന്നതുകൊണ്ട് 'പാലം പണിയുന്നവൻ' എന്നാണ് അർത്ഥമാക്കുന്നത്. ദൈവത്തിനും മനുഷ്യർക്കുമിടയ്ക്ക് പാലം പണിയുന്നവനാണ് പുരോഹിതൻ. ദൈവത്തിനും മനുഷ്യർക്കുമിടയ്ക്ക് പാലം പണിയുവാൻ കഴിയുന്ന ഒരാളേയുള്ളു. അത് ദൈവവും മനുഷ്യനുമായ ഈശോമിശിഹായാണ്. ഒരേസമയം ദൈവവും മനുഷ്യനുമായ ഈശോമിശിഹാ തന്റെ മനുഷ്യാവതാരത്തിലൂടെ നിത്യപുരോഹിതനായി അഭിഷേകം ചെയ്യപ്പെട്ടു. അങ്ങനെ ദൈവത്തിനും മനുഷ്യർക്കുമിടയ്ക്കുള്ള ഏകമദ്ധ്യസ്ഥനായിത്തീർന്നു: "ദൈവത്തിനും മനുഷ്യർക്കും മദ്ധ്യസ്ഥനായി ഒരുവനേയുള്ളു - മനുഷ്യനായ ഈശോമിശിഹാ" (1 തിമോ 2,5). മിശിഹായുടെ പൗരോഹിത്യത്തിൽ പങ്കുചേരുന്നവർക്കും ഈ മദ്ധ്യസ്ഥതാദൗത്യം ലഭിച്ചിരിക്കുന്നു.

**മദ്ധ്യസ്ഥത വഹിക്കുന്ന ജീവിതം**

മിശിഹായുടെ പൗരോഹിത്യത്തിൽ പങ്കുചേരുന്നവനെന്ന നിലയിൽ ഓരോ പുരോഹിതനും മറ്റുള്ളവർക്കുവേണ്ടി ദൈവതിരുമുമ്പിൽ മദ്ധ്യസ്ഥത വഹിക്കുവാൻ വിളിക്കപ്പെട്ടിരിക്കുന്നു. ആർക്കെല്ലാംവേണ്ടി പുരോഹിതൻ മദ്ധ്യസ്ഥത വഹിക്കണമെന്ന് ഈശോയുടെ പ്രാർത്ഥന സൂചിപ്പിക്കുന്നുണ്ട്. ഈശോ ആദ്യമായി പ്രാർത്ഥിക്കുന്നത് തന്റെ സഹപ്രവർത്തകരായി തന്നോടൊപ്പമായിരിക്കുന്ന ശിഷ്യന്മാർക്കു വേണ്ടിയാണ്: “ഞാൻ അവർക്കുവേണ്ടിയാണ് പ്രാർത്ഥിക്കുന്നത്; ലോകത്തിനു വേണ്ടിയല്ല, അങ്ങ് എനിക്കു തന്നവർക്കുവേണ്ടിയാണ് പ്രാർത്ഥിക്കുന്നത്” (യോഹ 17,9). “അങ്ങ് എനിക്കു തന്നവർ” എന്നാണ് തന്റെ ശിഷ്യരെ ഈശോ വിശേഷിപ്പിക്കുന്നത്. പൗരോഹിത്യം ഈശോയുടേതാണ്. തന്റെ പൗരോഹിത്യത്തിൽ ആരെല്ലാം പങ്കുചേരണമെന്നു തീരുമാനിക്കുന്നത്, തന്നെ പുരോഹിതനായി അഭിഷേകം ചെയ്ത് ലോകത്തിലേക്ക് അയച്ച പിതാവായ ദൈവമാണ് (യോഹ 10,36). അതുകൊണ്ടാണല്ലോ, തന്റെ ശ്ലീഹന്മാരാകേണ്ട പന്ത്രണ്ടു പേരെ തിരഞ്ഞെടുക്കുന്നതിനു മുമ്പ് ഈശോ ദീർഘനേരം പ്രാർത്ഥനയിൽ ചിലവഴിച്ചത് (യോഹ 6,12-13). അതുകൊണ്ടു തന്നെയാണ് തന്റെ ശിഷ്യന്മാരെ “അങ്ങ് എനിക്കു തന്നവർ” എന്ന് ഈശോ വിശേഷിപ്പിക്കുന്നത്. നമ്മുടെ പൗരോഹിത്യഗണത്തിൽപ്പെട്ടവരെയെല്ലാം ദൈവം നമുക്കു തന്നവരായി പരിഗണിച്ചുകൊണ്ട് അവർക്കുവേണ്ടി മദ്ധ്യസ്ഥപ്രാർത്ഥന അർപ്പിക്കുവാൻ നമുക്കു കഴിയണം. അതുപോലെതന്നെ, ഈശോ പിന്നീട് തന്നിൽ വിശ്വസിക്കാനിരിക്കുന്ന എല്ലാവർക്കുംവേണ്ടി പ്രാർത്ഥിക്കുന്നു (യോഹ 17,20-26). പുരോഹിതൻ തനിക്ക് ഏല്പിക്കപ്പെടുന്ന അജഗണങ്ങൾക്കുവേണ്ടി പ്രാർത്ഥിച്ചുകൊണ്ട് അവർക്കു ശുശ്രൂഷ ചെയ്യണം.

**ദൈവികസംരക്ഷണമുള്ള ജീവിതം**

ഈശോ തന്റെ ശിഷ്യർക്ക് ദൈവത്തിന്റെ സംരക്ഷണമുണ്ടാകണമെന്ന് പ്രാർത്ഥിക്കുന്നു: “ഇനിമേൽ ഞാൻ ലോകത്തിലല്ല; എന്നാൽ അവർ ലോകത്തിലാണ് ... പരിശുദ്ധനായ പിതാവേ, നമ്മെപ്പോലെ അവരും ഒന്നായിരിക്കേണ്ടതിന് അവിടുന്ന് എനിക്കു നല്കിയ അവിടുത്തെ നാമത്തിൽ അവരെ അങ്ങ് കാത്തുകൊള്ളണമേ” (യോഹ 17,11). ലോകത്തിലായിരിക്കുന്ന ശിഷ്യർക്ക് ദൈവത്തിന്റെ പ്രത്യേക സംരക്ഷണത്തിനു വേണ്ടിയാണ് അവിടുന്നു പ്രാർത്ഥിക്കുന്നത്. ലോകത്തിലായിരിക്കുന്നതുകൊണ്ട് ശിഷ്യർക്കു പ്രത്യേക ദൈവികസംരക്ഷണം ആവശ്യമുണ്ട്. ഇവിടെ ‘ലോകം’ എന്നു വിശേഷിപ്പിക്കുന്നത് വെറും ഭൗതിക ജീവിതപരിതോവസ്ഥയല്ല. തീർച്ചയായും ശിഷ്യന്മാർ ലോകത്തിലായിരിക്കേണ്ടവരാണ്. ഈശോ പ്രാർത്ഥിക്കുന്നു: “ലോകത്തിൽനിന്ന് അവരെ അവിടുന്ന് എടുക്കണം എന്നല്ല, ദുഷ്ടനിൽനിന്ന് അവരെ കാത്തുകൊള്ളണം എന്നാണു ഞാൻ പ്രാർത്ഥിക്കുന്നത്” (യോഹ 17,15). ദുഷ്ടലോകമാണ് ഇവിടെ വിവക്ഷിക്കുന്നത്. ഈശോയിൽ വിശ്വസിക്കാത്ത മനുഷ്യരുടെ മദ്ധ്യേയാണ് ശിഷ്യർ ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യേണ്ടത്. മാത്രമല്ല, ഈ വിശ്വാസമില്ലായ്മയുടെ ബലഹീനത അനുഭവപ്പെടുന്ന മനുഷ്യപ്രകൃതിയാണ് ശിഷ്യർക്കുള്ളത്. അതുകൊണ്ട് വിശ്വാസമില്ലായ്മയ്ക്ക് അടിമപ്പെടാതെ വിശ്വാസത്തിൽ സ്ഥിരതയോടെ ഉറച്ചുനില്ക്കുവാൻ ദൈവത്തിന്റെ പ്രത്യേക സംരക്ഷണം അവർക്ക് ആവശ്യമാണ്.

> **“ലോകത്തിൽനിന്ന് അവരെ അവിടുന്ന് എടുക്കണം എന്നല്ല, ദുഷ്ടനിൽനിന്ന് അവരെ കാത്തുകൊള്ളണം എന്നാണു ഞാൻ പ്രാർത്ഥിക്കുന്നത്”**
> **(യോഹ 17,15)**



**കൂട്ടായ്മയിൽ നിലനില്ക്കുവാൻ ശ്രമിക്കേണ്ട ജീവിതം**

“നമ്മെപ്പോലെ അവരും ഒന്നായിരിക്കേണ്ടതിന്” അവരെ കാത്തുകൊള്ളണമേ എന്നാണ് ഈശോ പ്രാർത്ഥിക്കുന്നത്. പുരോഹിതകൂട്ടായ്മ നിലനിർത്തുന്നതിന് ലോകത്തിന്റെ മാനുഷികമായ തടസ്സങ്ങൾ അനുഭവപ്പെടാം എന്നാണ് അതിന്റെ സൂചന. പുരോഹിതൻ മനുഷ്യനാണ്. മാനുഷികമായ ആഗ്രഹങ്ങളും താല്പര്യങ്ങളും പൗരോഹിത്യകൂട്ടായ്മയ്ക്കു തടസ്സം സൃഷ്ടിക്കാം എന്ന് ഇതു സൂചിപ്പിക്കുന്നു. പന്ത്രണ്ടു ശ്ലീഹന്മാരുടെ കൂട്ടായ്മയിൽനിന്നും വിട്ടുപോയ യൂദാസ് സ്കറിയോത്തായുടെ കാര്യം ഈ സന്ദർഭത്തിൽ ഈശോ അനുസ്മരിക്കുന്നുണ്ട്: “ഞാൻ അവരോടുകൂടെയായിരുന്നപ്പോൾ, അങ്ങ് എനിക്കു നല്കിയ അവിടുത്തെ നാമത്തിൽ ഞാൻ അവരെ സംരക്ഷിച്ചു... വിശുദ്ധ ലിഖിതം പൂർത്തിയാകാൻവേണ്ടി നാശത്തിന്റെ പുത്രനല്ലാതെ അവരിൽ ആരും നഷ്ടപ്പെട്ടിട്ടില്ല” (യോഹ 17,12). തന്റെ ശിഷ്യരെ പന്ത്രണ്ടു പേരെയും കൂട്ടായ്മയിൽ സംരക്ഷിക്കുവാൻ ഈശോ പരിശ്രമിച്ചെങ്കിലും, ആ കൂട്ടായ്മയിൽ നിലനില്ക്കുവാൻ യൂദാസിനു കഴിഞ്ഞില്ല. കാരണം, ദൈവത്തിന്റെ പ്രവർത്തനത്തിൽ വിശ്വസിച്ച് ദൈവത്തോടു സഹകരിക്കാതെ തന്റെ മാനുഷിക താല്പര്യങ്ങൾക്ക് യൂദാസ് സ്വയം വിട്ടുകൊടുത്തു. അതിന്റെ സൂചനകൾ സുവിശേഷത്തിൽ കാണുന്നുണ്ട്. ജീവന്റെ അപ്പത്തെക്കുറിച്ചുള്ള പ്രഭാഷണത്തിനുശേഷം പലരും ഈശോയെ വിട്ടുപോയപ്പോൾ ഈശോ പറഞ്ഞു: “എന്നാൽ, വിശ്വസിക്കാത്തവരായി നിങ്ങളിൽ ചിലരുണ്ട്. അവർ ആരെന്നും, തന്നെ ഒറ്റിക്കൊടുക്കാനിരിക്കുന്നവൻ ആരെന്നും ആദ്യം മുതലേ അവൻ അറിഞ്ഞിരുന്നു” (യോഹ 6,64). അതുകൊണ്ട് ഈശോയുടെ ആഗ്രഹപ്രകാരം, പൗരോഹിത്യ കൂട്ടായ്മയിൽ നാം വിശ്വസിക്കുകയും, മാനുഷികമായ പ്രതിസന്ധികളെ അതിജീവിച്ച് കൂട്ടായ്മ ഊട്ടിയുറപ്പിക്കുവാൻ പ്രത്യേകം പരിശ്രമിക്കുകയും വേണം.



# 'അന്ത്യവെട്ട'ത്തിനായുള്ള അന്ത്യവട്ടങ്ങൾ

റാണി മങ്ങാട്ട്

ഒരു മാസമായി അമ്മച്ചി ആശുപത്രിയിലായിരുന്നു. 9 മക്കളുള്ള അമ്മച്ചിയുടെ കൂടെയുണ്ടായിരുന്നത് വീട്ടുകാവൽക്കാരൻ വർക്കിച്ചേട്ടൻ മാത്രം. വർക്കിച്ചേട്ടന്റെ മനസ്സിലിത്തിരി കനിവുള്ളതുകൊണ്ടും അമ്മച്ചിയുടെ സുകൃതംകൊണ്ടും നരകിച്ചു മരിച്ചു എന്നു പറയാനാവില്ല. മരണത്തിന്റെ തലേ ആഴ്ച അമ്മച്ചിക്ക് മസ്തിഷ്കമരണം സംഭവിച്ചു എന്നുള്ള വിവരം മക്കളെയെല്ലാം വിളിച്ചറിയിച്ചു. എന്നാൽ ഒൻപതു മക്കളിൽ ഒരാളൊഴികെ മറ്റുള്ളവർ 'വരാൻ സമയം' ഇല്ല എന്ന സന്തോഷവാർത്തയറിയിച്ചു. ഒരാഴ്ച കഴിഞ്ഞപ്പോൾ ആ പാവം അമ്മച്ചി ഇഹലോകവാസം വെടിഞ്ഞു. വിവിധ രാജ്യങ്ങളിലായി തമ്പടിച്ചിരുന്നവർ ഒന്നിക്കുവാൻ ഒരാഴ്ചക്കാലം വേണ്ടിവന്നു. അമ്മച്ചി വീണ്ടും 'ഫ്രീസറിൽ' ഒരു വാരംകൂടി...

മൃതസംസ്കാര ചട്ടവട്ടങ്ങളെല്ലാം അതിഗംഭീരമായി ചിട്ടപ്പെടുത്തി. ബാന്റ് മേളം, വാദ്യഘോഷങ്ങളോടെ ഗായകസംഘം, അമ്മച്ചിക്കുള്ള ലിപ്സ്റ്റിക്, മേക്കപ്പ് സാധനങ്ങൾ ഇവയൊക്കെയുമായി അമ്മച്ചിയുടെ പെൺമക്കൾ... ഇതിലൊക്കെ രസകരമായി തോന്നിയ ഒരു കാര്യം അമ്മച്ചിയുടെ പെട്ടിയിൽ ഏതു കളർ പൂവാണ് വയ്ക്കുക എന്ന മൂത്തമകളുടെ അന്വേഷണവും അതേ കളർ ഡ്രസ്സ് മക്കൾക്കും കൊച്ചുമക്കൾക്കും വാങ്ങിക്കണം എന്ന അവളുടെ ഡയലോഗും ആയിരുന്നു! വാർദ്ധക്യത്തി





ലെത്തിയവർ "ഒഴിഞ്ഞുപോകേണ്ട ബാധ"കളായി കരുതുന്ന കുറെയേറെ ജന്മങ്ങളെ ഇന്ന് സമൂഹത്തിലുടനീളം കാണാനാവും. മാതാപിതാക്കളുടെ മരണം തങ്ങളുടെ പൊങ്ങച്ചപ്രകടനവേദിയാക്കാൻ മാത്രം തത്രപ്പെടുന്നവർ... തങ്ങൾക്കുവേണ്ടി ജീവിതകാലത്ത് സഹിച്ച കഷ്ടപ്പാടുകളെയും സ്നേഹത്തെയും ഓർത്തൊന്നു കണ്ണു നനയ്ക്കുവാൻ, തങ്ങൾക്കുവേണ്ടി മാത്രം ജീവിച്ച സാധുക്കൾക്കുവേണ്ടി പ്രാർത്ഥന ഉയർത്തുവാൻ അവർക്കാവുന്നില്ല... 'ശവം' കൊണ്ടൊരു മെഗാഷോ... ദൈവമേ ബന്ധങ്ങൾ വെറും ബന്ധനങ്ങളായിത്തീരുകയാണോ?

ഇവിടെ തോബിയാസിന് തോബിത് നല്കുന്ന നിർദ്ദേശം വളരെ പ്രസക്തമാണ്: "അവൻ മകനെ വിളിച്ചു പറഞ്ഞു: മകനേ, ഞാൻ മരിക്കുമ്പോൾ എന്നെ സംസ്കരിക്കുക. നിന്റെ അമ്മയുടെ കാര്യം ഒരിക്കലും മറക്കരുത്. ജീവിതകാലം മുഴുവൻ അവളെ ആദരിക്കണം. അമ്മയുടെ ഹിതം നോക്കണം. ഒരിക്കലും അവളെ വേദനിപ്പിക്കരുത്. മകനേ, നിന്നെ ഉദരത്തിൽ വഹിക്കുന്ന കാലത്ത് അവൾ നിനക്കുവേണ്ടി വളരെ അപകടങ്ങളെ നേരിട്ടിട്ടുണ്ടെന്ന് ഓർക്കണം. മരിക്കുമ്പോൾ അവളെ എനിക്കു സമീപം അതേ ശവകുടീരത്തിൽ സംസ്കരിക്കണം. മകനേ, ജീവിതകാലം മുഴുവൻ നമ്മുടെ ദൈവമായ കർത്താവിനെ ഓർക്കുക" (തോബിത് 4:3-4).

പ്രഭാഷകൻ 3:9-ൽ ഇപ്രകാരം പറയുന്നു: "പിതാവിന്റെ അനുഗ്രഹം മക്കളുടെ ഭവനങ്ങളെ ബലവത്താക്കും. അമ്മയുടെ ശാപം അവയുടെ അടിത്തറ ഇളക്കും". പ്രഭാഷകന്റെ 3-ാം അദ്ധ്യായം 1 മുതൽ 16 വരെ വചനങ്ങൾ ഹൃദയത്തിൽ കോറിയിടുന്നതും ജീവിതബന്ധിയാക്കുന്നതും സ്വർഗ്ഗത്തിൽ നിക്ഷേപം വർദ്ധിപ്പിക്കാനിടയാക്കും.

മുൻപറഞ്ഞ സംഭവത്തിൽനിന്നും വ്യത്യസ്തമായ ജീവിതാനുഭവങ്ങളും നമ്മുടെയിടയിൽത്തന്നെയുണ്ട്. 7 മക്കളുള്ള 85 വയസ്സായ അമ്മ. വാർദ്ധക്യസഹജമായ രോഗാവസ്ഥ മൂർഛിച്ചു എന്നറിഞ്ഞ നിമിഷം മുതൽ മത്സ്യമാംസ വർജ്ജനത്തിലൂടെ അമ്മയ്ക്കുവേണ്ടി ത്യാഗം ഏറ്റെടുത്ത മക്കളും കൊച്ചുമക്കളും... ആശുപത്രി ചാപ്പലിൽ ദിവ്യകാരുണ്യത്തിന്റെയരികിൽ മക്കളാരെങ്കിലും നിരന്തരം പ്രാർത്ഥനയിലാവണം എന്ന മക്കളുടെ തന്നെ ശാഠ്യം. ഓരോ ദിവസവും മാറി മാറി അമ്മയ്ക്കുവേണ്ടി ഒരുനേരം നോക്കി ഉപവസിച്ച് പ്രാർത്ഥിക്കുന്ന മക്കൾ... ഐ.സിയുവിൽ അമ്മയെ കാണാൻ കയറുമ്പോഴെല്ലാം അമ്മയുടെ നെറ്റിയിൽ കുരിശുവരച്ച് പ്രാർത്ഥിച്ച് മടങ്ങുന്ന ഇളയമകൻ. ഇത് വലിയ പാഠമാണ്. സ്വയം കുരിശുവരയ്ക്കാനറിയാത്ത കാലത്ത് മടിയിലിരുത്തി കുരിശു വരയ്ക്കാൻ പഠിപ്പിച്ച മാതാപിതാക്കളുടെ നെറ്റിയിൽ അവർക്കാവതില്ലാത്ത നിമിഷങ്ങളിൽ കുരിശുവരച്ച് പ്രാർത്ഥിക്കുന്ന മക്കളുടെ സാന്നിധ്യം... നിത്യസമ്മാനത്തിനായി ഒരുങ്ങിയിരിക്കുന്നവരെ സന്തോഷത്തോടെ, സമാധാനത്തോടെ, സ്നേഹത്തോടെ പ്രാർത്ഥനയോടെ യാത്രയാക്കാം... അവരുടെ അനുഗ്രഹത്താൽ നമ്മുടെ ജീവിതങ്ങളെ ബലവത്താക്കാം...

"സഭയുടെ പ്രഥമലക്ഷ്യം ദൈവത്തോടു മനുഷ്യർക്കുള്ള ആന്തരികമായ ഐക്യത്തിന്റെ കൂദാശയായിരിക്കുക എന്നതാണ്. കാരണം ദൈവത്തോടുള്ള ഐക്യത്തിലാണ് മനുഷ്യർ തമ്മിലുള്ള കൂട്ടായ്മ വേരുറപ്പിച്ചിരിക്കുന്നത്. സഭ മനുഷ്യവംശത്തിന്റെ ഐക്യത്തിന്റെ കൂദാശകൂടിയാണ്. സഭയിൽ ഈ ഐക്യം തുടങ്ങിക്കഴിഞ്ഞു. എന്തെന്നാൽ അവൾ എല്ലാ ദേശങ്ങളിൽനിന്നും എല്ലാ ഗോത്രങ്ങളിൽനിന്നും എല്ലാ ജനതകളിൽനിന്നും എല്ലാ ഭാഷകളിൽനിന്നും മനുഷ്യരെ ഒരുമിച്ചുകൂട്ടുന്നു. അതേസമയം, സഭ ഭാവിയിലെ ഐക്യത്തിന്റെ പൂർണസാക്ഷാത്കാരത്തിന്റെ 'അടയാളവവും ഉപകരണവും' കൂടിയാണ്" (CCC 775).



# പള്ളിക്കൂദാശക്കാലം

ഡോ. തോമസ് പൂവത്താനിക്കുന്നേൽ
കാഞ്ചിരപ്പള്ളി

വിശുദ്ധീകരണം എന്ന അർത്ഥത്തിലാണ് കൂദാശ എന്ന പദം ഉപയോഗിക്കുന്നത്. പള്ളിയെ വിശുദ്ധീകരിക്കുന്ന കാലം. പള്ളിയെന്നതിന് ദൈവാലയം എന്നും ദൈവാലയത്തിൽ ഒന്നുചേരുന്ന ദൈവജനമാകുന്ന സഭയെന്നും അർത്ഥമുണ്ട്. ഇവിടെ സഭയെന്നാണർത്ഥമാക്കുന്നത്. അതായത് പള്ളിക്കൂദാശക്കാലം ദൈവജനമായ സഭയെ വിശുദ്ധീകരിക്കുന്ന കാലം.

വിശുദ്ധീകരണം എന്നത് ദൈവത്തിന് സമർപ്പിക്കപ്പെടുന്നതുവഴി വരുന്ന രൂപാന്തരീകരണമാണ്. ബലിയർപ്പണവും സ്ഥലങ്ങളുടെയും വസ്തുക്കളുടെയും വ്യക്തികളുടെയുമെല്ലാം വിശുദ്ധീകരണവും ദൈവത്തിനായി അവ പരിപൂർണ്ണമായി സമർപ്പിക്കുന്നതുവഴിയാണ് സംഭവിക്കുന്നത്. സമർപ്പണമാകട്ടെ ഒരു വസ്തുവിനെയോ വ്യക്തിയെയോ സ്ഥലത്തെയോ ദൈവത്തിനും ദൈവഹിത പൂർത്തീകരണത്തിനുമായി വേർതിരിക്കുന്നതാണ്.

വിശുദ്ധി ദൈവത്തിന്റെ സ്വഭാവമാണ്. അവിടുത്തെ സ്വന്തമാണ്. വിശുദ്ധീകരിക്കപ്പെടാൻ ദൈവത്തിൽ ഒന്നാവുക എന്നതാണ് മാർഗ്ഗം. ആദിമനുഷ്യൻ ദൈവികജീവനിൽ പങ്കാളിയായി സൃഷ്ടിക്കപ്പെട്ടു. അവൻ വിശുദ്ധനായിരുന്നു. പള്ളി അഥവാ ദൈവജനമാകുന്ന സഭ വിശുദ്ധീകരിക്കപ്പെടുന്നത്, കൂദാശചെയ്യപ്പെടുന്നത് സദാ ദൈവത്തിനു സമർപ്പിക്കുന്നതുവഴിയാണ്. ദൈവതിരുമുമ്പിൽ മനുഷ്യകുലത്തെ സമർപ്പിക്കുവാൻ ദൈവപുത്രൻ മനുഷ്യനായി. അവിടുന്ന് തന്റെ മനുഷ്യത്വത്തിൽ പിതാവിന്റെ മുമ്പിൽ സമർപ്പിച്ച കുരിശിലെ നിത്യബലിയിലൂടെ മനുഷ്യകുലം സമർപ്പിതമായി. ഇന്നും ഈ ബലിയിലുള്ള പങ്കാളിത്തത്തിലൂടെ സഭ സമർപ്പിതമാകുന്നു.

ഈ ബലിജീവിതത്തിൽ സഭ ആണ്ടുവട്ടത്തിൽ മംഗലവാർത്തമുതൽ ധ്യാനാത്മകമായ ജീവിതശൈലി സ്വീകരിച്ചുകൊണ്ടും അനുദിനം വി. കുർബാനയിൽ അത് ആഘോഷിച്ചുകൊണ്ടും സഭയെ പങ്കാളിയാക്കുന്നു. അതിന്റെ സമാപനകാലത്താണ് പള്ളിക്കൂദാശക്കാലം.

ഈശോയുടെ മനുഷ്യാവതാരത്തെ ധ്യാനവിഷയമാക്കുന്ന മംഗളവാർത്തക്കാലത്തിലാരംഭിച്ച് രക്ഷാകരരഹസ്യങ്ങൾ ഒന്നൊന്നായി ധ്യാനാത്മകമായി ജീവിച്ചുവരുന്ന ഒരു വിശ്വാസി പള്ളിക്കൂദാശയിൽ ദൈവപിതാവിൻ പക്കൽ സമർപ്പിതമാകുന്ന അനുഭവത്തിൽ എത്തിച്ചേരുന്നു. അവർക്ക് ഈ കാലഘട്ടം വിശ്വാസത്തിന്റെ സാഫല്യം ദൈവം നല്കുന്നു. പ്രതീക്ഷകൾ പൂവണിയുന്ന നവ്യസ്വഭാവം.

പ്രായോഗികമായി ഈ കാലഘട്ടത്തിന്റെ ചൈതന്യം ആഘോഷപൂർവ്വകമായി ആരാധനയിലൂടെയും ജീവിതത്തിന്റെ കൂട്ടായ്മാ അനുഭവത്തിന്റെ ആഘോഷം വഴിയും പ്രകാശിതമാക്കാൻ കഴിയും. സമർപ്പിതസമൂഹങ്ങൾക്ക് അവരുടെ സമർപ്പണത്തിന്റെ ആഘോഷത്തിനും നവീകരണത്തിനും ഈ കാലമാണ് സമുചിതമായിട്ടുള്ളത്. കുടുംബങ്ങളിൽ കൂട്ടായ്മയുടെ സമ്മേളനങ്ങളും ഈ കാലത്തിന് അനുയോജ്യമാണ്. കാരണം ദൈവത്തിന് സമർപ്പിതയാകുന്ന സഭ ദൈവത്തോടും സ്വർഗ്ഗവാസികളോടുമുള്ള കൂട്ടായ്മ അനുഭവത്തിലേക്കാണ് പ്രവേശിക്കുക. ഈ അനുഭവം ഭൗമിക സഭയിലെ അംഗങ്ങൾ പ്രായോഗികമാക്കിതീർക്കുന്നതിനുള്ള അവസരങ്ങളാകണം ഇത്തരത്തിലുള്ള ആഘോഷങ്ങൾ.

സമർപ്പിതമാകേണ്ട യാഥാർത്ഥ്യം അതിന് യോഗ്യമായിരിക്കണം. അൾത്താരയിൽ അർപ്പിക്കുവാൻ പൂന്തോട്ടത്തിലെ പൂവ് ഇറുക്കുവാൻ എത്തുന്നവർ വാടിക്കരിഞ്ഞതും കീടങ്ങൾ വികൃതമാക്കിയതും വിടരാത്തതുമായ പൂക്കളെയെല്ലാം മാറ്റിനിർത്തും എന്നത് ഓർമ്മിച്ചിരിക്കണം. അർപ്പിത സഭയോടൊപ്പം നാമും ഉൾച്ചേർക്കപ്പെടണമെങ്കിൽ യോഗ്യതയുള്ള, സൗരഭ്യം പരത്തുന്ന ജീവിതമാക്കി സൂക്ഷിക്കുവാൻ നമുക്കാവുകയും വേണം.

“അവർണ്ണനീയമായ ഈ ദാനത്തെപ്രതി കർത്താവേ, അങ്ങേയ്ക്കു സ്തുതി”. ഇടവക ഒരു ദിവ്യകാരുണ്യ സമൂഹം ആണ്. ഇടവകയ്ക്ക് കേന്ദ്രമായി പരിശുദ്ധ കുർബാന അർപ്പണത്തിനായി ഒരു അൾത്താരയുണ്ടായിരിക്കണം.

ഒരു ഇടവക രൂപീകൃതമാകുക എന്നാൽ ഒരു ദൈവാലയവും പരിശുദ്ധ കുർബാനയുടെ അർപ്പണവും ആരംഭിക്കുക എന്നാണ് അർത്ഥമാക്കുക. ഈശോയുടെ രക്ഷാകരമായ ബലി നിത്യവും അർപ്പിക്കുവാൻ ഒരു സമൂഹം രൂപം കൊള്ളുന്നതാണ് ഇടവക.

പരിശുദ്ധ പിതാവ് ബനഡിക്ട് 16-ാമൻ തന്റെ ഉപവിയുടെ കൂദാശ എന്ന ശ്ലൈഹിക ഉപദേശത്തിൽ (ccc69) ഇപ്രകാരം പറയുന്നു. “പരിശുദ്ധ കുർബാനയാണ് സഭയുടെ ഏറ്റവും വലിയ ആരാധന. ഭക്ഷിക്കുന്നതിനും പാനം ചെയ്യുന്നതിനുമായി നല്കപ്പെട്ട ഈ ദിവ്യകൂദാശ സ്വീകരിക്കാനണയുന്നവർക്ക് അതിനെ ആരാധിക്കാതെ സ്വീകരിക്കാനാവില്ല. പരിശുദ്ധ കുർബാനയുടെ ആരാധന അർപ്പണത്തിന്റെ തുർച്ചയാണ്. കുർബാന സ്വീകരിക്കുക എന്നതിന്റെ അർത്ഥം സ്വീകരിക്കുന്നവനെ നാം ആരാധിക്കുന്നു എന്നതാണ്. അർപ്പണത്തിൽ അനുഭവിച്ച ദൈവിക ആരാധനയുടെ അനുഭവത്തിൽ നാം ആയിരിക്കുന്നതിനുള്ള മാർഗ്ഗമാണ് ദിവ്യകാരുണ്യ ആരാധന.

വി. കുർബാന യോഗ്യതയോടെയും ഭക്തിയോടെയും സ്വീകരിക്കുന്നവർക്ക് ആ കൂദാശയെ ആരാധിക്കാതിരിക്കാനാവില്ല. ഭൂമിയിലെ ഏറ്റം വലിയ അത്ഭുതമാണ് ഈ കൂദാശ. കുർബാന സ്വീകരണംവഴി നാം ഈശോയെ നമ്മുടെ ജീവിതത്തിലേക്ക് ക്ഷണിക്കുന്നു. ഈശോ നമ്മെ സ്വന്തമാക്കുന്നു. അങ്ങനെ ഈശോയുടെ സ്വന്തമായവർ അവിടുത്തെ മുഖാമുഖം ദർശിക്കുകയും അവിടുത്തെ മാലാഖഗണത്തോട് ചേർന്ന് 'പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ' എന്ന് പാടിസ്തുതിക്കുകയും ചെയ്യുന്നതാണ് ആരാധന. 'സ്രഷ്ടാവായ ദൈവത്തിന്റെ മുമ്പിൽ താൻ ഒരു സൃഷ്ടിയാണ് എന്ന് അംഗീകരിക്കുന്ന മനുഷ്യന്റെ പ്രാഥമിക മനോഭാവമാണ് ആരാധന'. നമ്മെ സൃഷ്ടിച്ച കർത്താവിന്റെ മഹത്ത്വത്തെയും തിന്മയിൽനിന്നു നമ്മെ രക്ഷിച്ച രക്ഷകന്റെ സർവ്വശക്തിയെയും അതു പ്രകീർത്തിക്കുന്നു. മഹത്ത്വപൂർണ്ണനായ കർത്താവിന് ആത്മാവ് അർപ്പിക്കുന്ന ആദരവാണ് ആരാധന. മഹാപ്രതാപവാനായ ദൈവത്തിന്റെ മുന്നിലെ ആദരപൂർവ്വമായ മൗനം ഏറ്റം സ്നേഹമയനായ ദൈവത്തിനു നല്കുന്ന ആരാധന നമ്മുടെ യാചന ശ്രവിക്കുമെന്ന് ഉറപ്പു നല്കുന്നു' (CCC69).

പരിശുദ്ധ കുർബാനയിൽ ഈശോ നമ്മുടെ മധ്യേ സന്നിഹിതനാകുന്നു. "സഭയ്ക്കും ലോകത്തിനും പരിശുദ്ധ കുർബാനയുടെ ആരാധനയുടെ വലിയ ആവശ്യമുണ്ട്. ഈശോ സ്നേഹത്തിന്റെ ഈ കൂദാശയിൽ നമ്മെ കാത്തിരിക്കുന്നു. പൂർണ്ണവിശ്വാസത്തോടെയുള്ള ധ്യാനത്തിലും ആരാധനയിലും ലോകത്തിന്റെ ഗൗരവപൂർണ്ണങ്ങളായ നിയമലംഘനങ്ങൾക്കും കുറ്റകൃത്യങ്ങൾക്കും പരിഹാരം ചെയ്യുവാനുള്ള സന്നദ്ധതയോടെ അവിടുത്തെ കണ്ടുമുട്ടുവാനുള്ള സമയം നാം ഉപേക്ഷിക്കരുത്. നമ്മുടെ ആരാധന ഒരിക്കലും അവസാനിക്കരുത്" (ജോൺ പോൾ II).



"സഭ ദൈവത്തിന്റെ പദ്ധതിയുടെ മാർഗവും ലക്ഷ്യവുമാണ്. സഭ സൃഷ്ടിയിൽ മുൻകൂട്ടി ചിത്രീകരിക്കപ്പെട്ടിരുന്നു. പഴയ ഉടമ്പടിയിൽ ഒരുക്കപ്പെട്ടിരുന്നു. ഈശോമിശിഹായുടെ വാക്കുകൾകൊണ്ടും പ്രവൃത്തികൾകൊണ്ടും സ്ഥാപിക്കപ്പെട്ടു; അവിടുത്തെ രക്ഷാകരമായ കുരിശും അവിടുത്തെ പുനരുത്ഥാനവുംവഴി യാഥാർത്ഥ്യമാക്കപ്പെട്ടു. പരിശുദ്ധാത്മാവിന്റെ പ്രവഹിക്കൽവഴി രക്ഷയുടെ രഹസ്യമായി വെളിവാക്കപ്പെട്ടു. ഭൂമിയിൽ രക്ഷിക്കപ്പെട്ട എല്ലാവരുടെയും സമ്മേളനമെന്ന നിലയിൽ അവൾ സ്വർഗീയ മഹത്ത്വത്തിൽ പൂർണയാക്കപ്പെടും" (CCC 778). ▶▶









**ഫാ. ഷിബു പുളിക്കൽ**
കല്യാൺ രൂപത

ജിബിൻ എന്ന ഒരു യുവാവ്, ONGC യിൽ ആണ് ജോലി. എല്ലാ ദിവസവും രാവിലെ 7 മണിക്ക് സെമിനാരി ചാപ്പലിലെ കുർബാനയിൽ പങ്കെടുക്കാൻ അവനെത്തും. ബോംബെയിൽ തന്നെ Rig (കപ്പൽ)ൽ ആയിരുന്നു അവനു ജോലി. റിഗിൽ ജോലി ചെയ്താൽ മാസത്തിൽ 15 ദിവസം ജോലി ചെയ്താൽ മതി, കൂടുതൽ ശമ്പളവും പതിനഞ്ച് ദിവസം അവധിയും ലഭിക്കും. എന്നിട്ടും കടലിലെ ആ ജോലി ഉപേക്ഷിച്ച് കരയിലുള്ള ONGC യിൽ തന്നെയാണ് അവൻ ജോലി തിരഞ്ഞെടുത്തത്, കടലിലെ ജോലി ഉപേക്ഷിച്ചപ്പോൾ ശമ്പളം കുറവ്, കൂടാതെ ഒരു മാസം മുഴുവൻ ജോലിയും ചെയ്യണം.

എന്തിനാണ് ആദ്യത്തെ ജോലി ഉപേക്ഷിച്ചതെന്ന് ചോദിച്ചപ്പോൾ അവന്റെ മറുപടി ആരെയും ഞെട്ടിപ്പിക്കുന്നതായിരുന്നു; കാരണം പറയുന്നത് ഒരു യുവാവാണ്! 15 ദിവസം കടലിൽ കഴിഞ്ഞാൽ, ആ ദിവസങ്ങളിൽ കുർബാനയിൽ പങ്കെടുക്കാൻ സാധിക്കാത്തതുകൊണ്ടാണ്, ശമ്പളം കൂടുതൽ കിട്ടിയിട്ടും, ധാരാളം അവധി ലഭിച്ചിട്ടും അവൻ ആ ജോലി ഉപേക്ഷിച്ചതത്രേ. എന്നെ വളരെ ആഴത്തിൽ ചിന്തിപ്പിച്ചു ഈ വാക്കുകൾ.... ഇടദിവസത്തെ കുർബാനപോലും മുടക്കാൻ തയ്യാറാകാത്ത, അതിനുവേണ്ടി എന്തു ത്യാഗം ചെയ്യാനും തയ്യാറാകുന്ന യുവാക്കൾ ഇന്നുമുണ്ട് എന്ന വിചാരം ആശ്വാസം നൽകുന്നു.

ഞായറാഴ്ച്ച കുർബാനയ്ക്കു തന്നെ കഷ്ടപ്പെട്ടുവന്നുപോകുന്നവർ ഉള്ളപ്പോഴാണ് വ്യത്യസ്തതയിൽ ചിന്തിക്കുന്ന ഈ ചെറുപ്പക്കാരൻ മറ്റുള്ളവർക്ക് ഒരു മാതൃകയും വിളക്കുമായി മാറുന്നത്.

തീർച്ചയായും ജിബിന്റെ മാതാപിതാക്കൾക്ക് അഭിമാനിക്കാം. ഇത് വായിക്കുന്ന നിങ്ങൾ ഏത് രീതിയിലാണ് ഈ സംഭവം നോക്കി കാണുന്നതെന്ന് എനിക്കറിയില്ല. ഇങ്ങനെയുള്ള ഒരു മകനെ വേണമെന്ന് ആഗ്രഹിക്കുന്ന അമ്മമാരും, ഇവൻ ചെയ്യുന്നത് മണ്ടത്തരമാണെന്ന് വിശ്വസിക്കുന്നവരും ഉണ്ടാകാം. ഈശോയെ നോക്കി ഒരു സ്ത്രീ വിളിച്ചു പറഞ്ഞു; "നിന്നെ വഹിച്ച ഉദരവും, പാലൂട്ടിയ പയോധരങ്ങളും ഭാഗ്യമുള്ളവ"(ലൂക്കാ 11:27).

ഈശോയുടെ പ്രവൃത്തികൾ കണ്ട് വളർത്തിയവരെ അനുമോദിക്കുന്ന ജനം. പ്രിയ മാതാപിതാക്കളേ..... നിങ്ങളുടെ മക്കളുടെ നന്മ കണ്ടിട്ട് ആരെങ്കിലും നിങ്ങളെ പുകഴ്ത്തിയിട്ടുണ്ടോ?

പത്താം ക്ലാസിലെ പരീക്ഷയായിരുന്നിട്ടും എല്ലാ ദിവസവും വി. കുർബാനയ്ക്ക് വന്നിരുന്ന ഹെൽമ എന്ന പെൺകുട്ടിയും അവളുടെ മാതാപിതാക്കൾക്ക് അഭിമാനമാണ്. എല്ലാവരും മത്സരിച്ച് പഠിക്കുമ്പോൾ കുർബാനയ്ക്ക് വരുന്ന ഒരു മണിക്കൂർ പഠിക്കാതിരുന്നതുകൊണ്ട് നീ തോൽക്കുകയാണെങ്കിൽ തോൽക്കട്ടെ എന്നു പറഞ്ഞ് മകളെ പ്രോത്സാഹിപ്പിച്ച് പള്ളിയിലേക്കയയ്ക്കുന്ന ഹെൽമയുടെ മാതാപിതാക്കളെ എങ്ങനെ അഭിനന്ദിക്കാതിരിക്കും.

ഞായറാഴ്ച്ച കുർബാനപോലും ഉപേക്ഷിച്ച് ഉറക്കമൊഴിച്ച് പഠിച്ച ഹെൽമയുടെ കൂട്ടുകാരികളേക്കളും കൂടുതൽ മാർക്ക് വാങ്ങി ഹെൽമ വിജയിച്ചപ്പോൾ, ഇടവകയിലും സ്കൂളിലും ട്യൂഷൻ ക്ലാസിലും ഒന്നാമത് എത്തിയപ്പോൾ, യഥാർത്ഥത്തിൽ വിജയിച്ചത് അവളുടെ മാതാപിതാക്കളുടെ നിശ്ചയ ദാർഢ്യമുള്ള വാക്കുകളാണ്. അവർ അവളെ ഓർമ്മിപ്പിച്ചിരുന്നു. "ദൈവത്തെ മറന്ന് ജീവിക്കരുത്, ബുദ്ധി തരുന്നതും, ഓർമ്മശക്തി നൽകുന്നതും ദൈവമാണ്. എല്ലാറ്റിലും ദൈവത്തിൽ ആശ്രയിക്കണം".

ജിബിനെപ്പോലെയും, ഹെൽമയെപോലെയും ധാരാളം പേർ ഉണ്ടായിരിക്കാം. അവരെല്ലാം വിശ്വാസം ക്ഷയിച്ചുവരുന്ന, ദൈവത്തെ മറന്ന് ജീവിക്കുന്ന ഒരു സമൂഹത്തിന് ഒരു വെല്ലുവിളിയായി മാറട്ടെ, മാതൃകയായി തീരട്ടെ.

*(ഷിബു പുളിക്കലച്ചന്റെ പ്രസിദ്ധീകരിക്കാൻ തയ്യാറായിക്കൊണ്ടിരിക്കുന്ന 'ജറീക്കോയിലേക്കുള്ള വഴി' എന്ന പുസ്തകത്തിൽനിന്ന്)*




## നിന്നെയും വിളിക്കുന്നു.....

- നിന്റെ സ്നേഹം ആവശ്യമുള്ള ഒരു ലോകത്തിലേക്ക്....
- വിശുദ്ധിയിലേക്ക് നമ്മെ വിളിച്ചിരിക്കുന്ന ദൈവപിതാവിന്റെ വ്യവസ്ഥയില്ലാത്ത സ്നേഹം വചനാനുഭവത്തിലൂടെ പങ്കുവയ്ക്കുവാൻ....
- കർമ്മമാർഗ്ഗത്തിലൂടെ ഈശ്വരാനുഭവത്തിലേക്ക് മനുഷ്യമക്കളെ കൂട്ടിക്കൊണ്ടുവരാൻ....

**ഇതാ നിന്റെ മുമ്പിൽ വെല്ലുവിളിയുടെ ഒരു ജീവിതം....**

**Vocation Promoter, Apostolic Oblates, Spirituality Centre**
**Manganam P.O., Kottayam - 686 018, Ph: 0481-2578192**








# അനുഗ്രഹദായക സഭയിൽ അനുഗ്രഹമാകാൻ....

**അനു കുരിശുംമൂട്ടിൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

"ഈശോയുടെ പാർശ്വത്തിൽ നിന്ന് രക്തവും വെള്ളവും ഒഴുകി. അത് തന്റെ സഭയാണ്. ആദത്തിന്റെ കാര്യത്തിൽ എന്നതുപോലെ അത് അവനിൽ പണിയപ്പെട്ടിരിക്കുന്നു. ആദത്തിന്റെ ഭാര്യ അവന്റെ പാർശ്വത്തിൽനിന്ന് എടുക്കപ്പെട്ടതാണ്. ആദത്തിന്റെ വാരിയെല്ല് അവന്റെ ഭാര്യയാണ്. നമ്മുടെ കർത്താവിന്റെ രക്തം അവന്റെ സഭയാണ്. ആദത്തിന്റെ വാരിയെല്ലിൽ നിന്ന് മരണം ഉണ്ടായി; എന്നാൽ നമ്മുടെ കർത്താവിന്റെ പാർശ്വത്തിൽ നിന്ന് ജീവൻ ഉണ്ടായി" (മാർ അപ്രേം, സുവിശേഷ ഭാഷ്യം 21,11).

കർത്താവിന്റെ പാർശ്വത്തിൽ നിന്നുത്ഭവിച്ച ജീവന്റെ ഉറവ, കർത്താവിന്റെ മണവാട്ടി അതാണ് തിരുസ്സഭ. കർത്താവിന്റെ തിരുരക്തത്താൽ വീണ്ടെടുക്കപ്പെട്ട വിശുദ്ധ വംശം, രാജകീയ പുരോഹിത ഗണം എന്നെല്ലാം സഭയെ സുവിശേഷം വിശേഷിപ്പിക്കുന്നു. ഈ സഭയിലൂടെ മനുഷ്യകുലത്തിന് കൈവരുന്ന രക്ഷയുടെ സന്തോഷവും ഈ സന്തോഷത്തിന്റെ മകുടംചൂടലും സഭയുടെ മഹത്ത്വീകരണവും ധ്യാനിക്കുന്ന അനുഗ്രഹസമയമാണ് പള്ളിക്കൂദാശക്കാലം!

സഭയെ-മാമ്മോദീസായിലൂടെ സഭാതനയരായ ഓരോ മനുഷ്യനെയും ദൈവാലയമായി ദൈവം തിരഞ്ഞെടുത്തു. പരിശുദ്ധമായി അതിനെ സൂക്ഷിക്കുവാൻ കൂദാശകളും നൽകി. അനുദിനം വിശുദ്ധിയിൽ നവീകരിക്കപ്പെടേണ്ട നാം നിരന്തര ജാഗ്രതയോടെ നിത്യമഹ

ത്ത്വത്തെ ലക്ഷ്യമാക്കി പ്രയാണം ചെയ്യേണ്ടവരാണ്. മാർ അപ്രേമിന്റെ ഉപദേശം ഇവിടെ ശ്രദ്ധേയമാണ്. "ദൈവത്തിന് ഉപയുക്തമായ ആലയങ്ങളായി നമ്മുടെ ആത്മാക്കളെ നമുക്ക് രൂപീകരിക്കാം. ഒരു മഹാൻ നിന്റെ ഭവനത്തിൽ വസിക്കുമ്പോൾ, അത് നിന്റെ വാതിലിന് ഒരു മഹത്ത്വമാണ്. അങ്ങനെയെങ്കിൽ, ദൈവം നിന്നിൽ വസിക്കുമ്പോൾ, നിന്റെ കവാടം എത്ര ബഹുമാന്യമായിരിക്കും! നിന്റെ ആത്മാവ് ആലയമായി തീർന്നതിനാൽ, അതിൽ യാതൊരു മാലിന്യവും അവശേഷിപ്പിക്കരുത്. ദൈവം വെറുക്കുന്നതൊന്നും ദൈവഭവനത്തിൽ ഉണ്ടാകരുത്. ദൈവത്തിന് ഇഷ്ടമുള്ളവകൊണ്ട് ദൈവഭവനം അലങ്കരിക്കപ്പെടണം. അവിടെ ക്രോധം കാണപ്പെട്ടാൽ, അശുദ്ധി വസിക്കും; അവിടെ പുക ഉയരും. അതിൽ നിന്ന് ക്രോധവും ദുർഗന്ധം വമിക്കുന്ന അസൂയയും ദൂരെയകറ്റുക. സുഗന്ധം പരത്തുന്ന ധൂപകലശമാകുന്ന സ്നേഹം അതിൽ നിക്ഷേപിക്കുക. തിരികെ വന്ന് നിന്ദ്യമായ സംസർഗവും നിന്ദ്യമായ പെരുമാറ്റവുമാകുന്ന ചവറ് അതിൽ നിന്ന് ദൂരെയകറ്റുക. കുസുമങ്ങളും മുകുളങ്ങളുംപോലെ നല്ല ചിന്തകൾ അതിൽ പൊട്ടിമുളയ്ക്കട്ടെ! റോസകൾക്കും ലില്ലികൾക്കും പകരം പ്രാർത്ഥനകളാൽ അതിനെ അലങ്കരിക്കുക" (മാർ അപ്രേം, പ്രസംഗങ്ങൾ 93-124).

വിശുദ്ധിയുടെ സുഗന്ധംകൊണ്ട് നമ്മുടെ ആലയം നിറയപ്പെടുവാൻ സഭയിലൂടെ ദൈവം നമുക്കു തരുന്ന അനുഗ്രഹത്തിന്റെ വഴികളെ പിൻതുടരേണ്ടതുണ്ട്. സഭയുടെ പ്രാർത്ഥനകളും ജീവിതത്തെതന്നെ ക്രമപ്പെടുത്താനുപകരിക്കുന്ന നിർദ്ദേശങ്ങളും സർവ്വോപരി കൂദാശകളുടെ കൂദാശയായ ബലിയർപ്പണവും ദൈവിക ജീവൻ നമ്മിലേക്ക് ഒഴുക്കുന്ന നീർച്ചാലുകളാണ്!

നമ്മുടെ ജീവിതങ്ങൾക്ക് ഓരേക ലക്ഷ്യമേയുള്ളൂ...ദൈവത്തിൽ എത്തിച്ചേരുക...അവിടുത്തെ പരിശുദ്ധിയിൽ പങ്കുചേരുക. ആ ലക്ഷ്യത്തിൽ നിന്നും വ്യതിചലിപ്പിക്കുന്നതൊന്നും നമ്മുടെ ജീവിതങ്ങളിൽ ഉണ്ടാകരുത്; "നിന്റെ ജീവൻ കടന്നുപോകുമ്പോൾ, അതൊഴുകി ദൈവത്തിലെത്തിച്ചേരാൻ, നന്മ നിനക്ക് കനാൽ ആകാനായി നന്മയുടെ പിന്നാലെ ഓടുക. നിന്റെ ജീവന്റെ ചെറിയ ഉറവ അത് ദൈവത്തിലേക്ക് അയയ്ക്കട്ടെ. അങ്ങനെ, അത് ഇവിടെനിന്ന് അപ്രത്യക്ഷമാകുമ്പോൾ, ജീവന്റെ കടലായി തീരട്ടെ. ഈ നശ്വരജീവിതത്തിൽ ഒരു കൊച്ചുജീവിതത്തിന്റെ അരുവിയേ നിനക്കുള്ളൂ. അത് ജീവന്റെ സമുദ്രമാകാൻ, അതിനെ ദൈവത്തിലേക്ക് നയിക്കുക. അനുദിനം നിന്റെ ജീവൻ ഒഴുകി നിന്നിൽനിന്ന് വേർപെടുന്നു. നിത്യമായി വീണ്ടും കണ്ടെത്താൻ അത് ദൈവത്തിലേക്ക് ഒഴുക്കുക" (മാർ അപ്രേം-പ്രസംഗങ്ങൾ, 293). ദൈവത്തിലേക്ക് നമ്മുടെ ജീവിതങ്ങളെ തിരിക്കാം... ആ നിത്യപ്രകാശത്തിൽ നമ്മുടെ ജീവിതങ്ങളും ശോഭയുള്ളതായിത്തീരട്ടെ!

> *"വി. കുർബാനയിൽ കർത്തൃപ്രാർത്ഥന യാചനകളുടെ യുഗാന്ത്യസ്വഭാവം വെളിപ്പെടുത്തുന്നു. 'യുഗാന്ത്യകാലത്തിന്റ', അതായത്, പരിശുദ്ധാത്മവർഷത്തിലൂടെ സമാരംഭിച്ചതും കർത്താവിന്റെ രണ്ടാം വരവോടെ പൂർത്തിയാക്കപ്പെടുന്നതുമായ രക്ഷയുടെ ആ സമയത്തിന് ഉചിതമായ, യഥാർത്ഥ പ്രാർത്ഥനയാണത്. പഴയ ഉടമ്പടിയുടെ പ്രാർത്ഥനകളിൽനിന്നു വ്യത്യസ്തമായി നമ്മുടെ പിതാവിനോടുള്ള യാചനകൾ, ക്രൂശിതനാകുകയും ഉയിർക്കുകയും ചെയ്ത മിശിഹായിൽ എന്നേക്കുമായി പൂർത്തീകരിക്കപ്പെട്ടുകഴിഞ്ഞ രക്ഷാകരരഹസ്യത്തിൽ അധിഷ്ഠിതമാണ്"* (CCC 2771).







# സ്നേഹസാന്ത്വനം


നോയൽ



"ഈശോ മലയിൽ നിന്നിറങ്ങിവന്നപ്പോൾ വലിയ ജനക്കൂട്ടം അവനെ അനുഗമിച്ചു. അപ്പോൾ ഒരു കുഷ്ഠരോഗി അടുത്തുവന്ന് താണുവണങ്ങിപ്പറഞ്ഞു: കർത്താവേ, അങ്ങേയ്ക്ക് മനസ്സുണ്ടെങ്കിൽ എന്നെ ശുദ്ധനാക്കാൻ കഴിയും. ഈശോ കൈ നീട്ടി അവനെ സ്പർശിച്ചുകൊണ്ട് അരുളിച്ചെയ്തു, എനിക്ക് മനസ്സുണ്ട്-നിനക്ക് ശുദ്ധിവരട്ടെ" (മർക്കോ 1,41)

തന്റെ രോഗാവസ്ഥയെ ദൈവതിരുമുൻപിൽ ഏറ്റുപറയുന്ന, സൗഖ്യത്തിനായി യാചിക്കുന്ന കുഷ്ഠരോഗി. നമ്മുടെയൊക്കെ ജീവിതത്തിലും കുഷ്ഠംബാധിച്ച, സൗഖ്യം ആവശ്യമുള്ള ധാരാളം അവസ്ഥകളുണ്ട്. ഒരുപക്ഷേ, ഈ കുഷ്ഠരോഗം-എന്റെ സാഹോദര്യബന്ധങ്ങളിലാകാം, എന്റെ പ്രാർത്ഥനാജീവിതത്തിലാകാം, സമൂഹത്തിൽ ഒറ്റപ്പെട്ടുപോകുന്ന അവസ്ഥയിലേക്ക് അതെന്നെ നയിച്ചെന്നുവരാം.

തന്റെ അവസ്ഥ തിരിച്ചറിയുന്ന കുഷ്ഠരോഗി, എളിമയോടെ ദൈവതിരുമുമ്പിൽ മുട്ടുമടക്കുകയാണ്. എന്നാൽ നാമാകട്ടെ മറ്റുള്ളവരിലേക്ക് വിരൽചൂണ്ടാൻ, പഴിചാരാൻ വെമ്പൽകൊള്ളുന്നവരാണ്. എന്റെ രോഗാവസ്ഥ ഏതെന്ന് തിരിച്ചറിഞ്ഞാൽ, അതിന് കാരണക്കാരൻ അപരനാണെന്ന് ആരോപിക്കാൻ തുനിയാതെ, ദൈവതിരുമുൻപിൽ സ്വയം തുറക്കാൻ തക്ക ഹൃദയവിശാലതയാണ് നമുക്കുണ്ടാകേണ്ടത്. തിരിച്ചറിഞ്ഞ് കടന്നുവരുന്നവനിലേക്ക് ദൈവവും ഇറങ്ങിവരും. സ്നേഹപൂർവ്വം തലോടിക്കൊണ്ട് അവിടുന്ന് പറയും "എനിക്ക് മനസ്സുണ്ട്, നിനക്ക് ശുദ്ധിവരട്ടെ".




**കൂട്ടുകാരേ, വി. ലൂക്കായുടെ സുവിശേഷം 13 മുതലുള്ള അദ്ധ്യായങ്ങൾ ശ്രദ്ധയോടെ വായിച്ചതിനുശേഷം താഴെകാണുന്ന ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തൂ.....**

**വലത്തോട്ട്**

1. "അവൻ നിയമലംഘകരോടുകൂടെ എണ്ണപ്പെട്ടു" എന്നു പ്രവചിച്ച പ്രവാചകൻ?
5. ഈശോ എവിടേക്കു യാത്രചെയ്യുകയായിരുന്നുവെന്നാണ് ലൂക്കാ സുവിശേഷകൻ ആവർത്തിച്ചുപറയുന്നത്?
6. പശ്ചാത്തപിക്കുന്നില്ലെങ്കിൽ നാശം എന്നു സൂചിപ്പിക്കാൻ ഈശോ വിവരിച്ച സംഭവത്തിലെ സ്ഥലം ഏത്?
9. ലൂക്കാ സുവിശേഷകൻ വിവരിക്കുംപ്രകാരം ഈശോയെ കുരിശിൽ തറച്ച സ്ഥലം?

**താഴോട്ട്**

2. "ഈശോ പതിവുപോലെ പോയി" എന്നു ലൂക്കാ സുവിശേഷകൻ പറയുന്ന സ്ഥലം?
3. "മിശിഹാ സഹിക്കുകയും മൂന്നാം ദിവസം മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേൽക്കുകയും ചെയ്യണം" എന്നത് ഏതു പ്രവാചകന്റെ ഗ്രന്ഥത്തിൽ നിന്നെടുത്ത ഉദ്ധരണിയാണ്?
4. പുളിപ്പില്ലാത്ത അപ്പത്തിന്റെ തിരുനാൾ?
7. "അവർ തിന്നുകയും കുടിക്കുകയും വാങ്ങുകയും വിൽക്കുകയും നടുകയും വീടുപണിയുകയും ചെയ്തുകൊണ്ടിരുന്നു"-ആരുടെ നാളുകളാണ് ഇത് എന്നാണ് ഈശോ പറയുന്നത്?

**മുകളിലേക്ക്**

5. സക്കേവൂസ് എന്ന ധനികന്റെ സ്ഥലം?
8. മനുഷ്യപുത്രന്റെ ദിവസങ്ങളിൽ സംഭവിക്കുന്നത് ആരുടെ ദിവസങ്ങളിൽ സംഭവിച്ചതുപോലെയാണ്?
10. നിയമവും പ്രവാചകന്മാരും ആരുടെ കാലംവരെയായിരുന്നു?

| | | | | | | |
|---|---|---|---|---|---|---|
| | 1 | | | 2 | ■ | 3 |
| | ■ | 4 | ■ | | | |
| 5 | | | | | | |
| 6 | 7 | | ■ | | | ■ |
| ■ | | 8 | 9 | | 10 | |

പേര്..........................................................വയസ്.........
മേൽവിലാസം...............................................................
...............................................................................
..............................................പിൻ...............................

(15 വയസ്സുവരെയുള്ള കൂട്ടുകാർക്കാണ് ഈ മത്സരം. ലഭിക്കുന്ന ശരിയുത്തരങ്ങളിൽ നിന്നും നറുക്കിട്ടായിരിക്കും വിജയിയെ കണ്ടെത്തുക. ഉത്തരങ്ങൾ ലഭിക്കേണ്ട അവസാന തീയതി - നവംബർ 30).

**അയയ്ക്കേണ്ട വിലാസം:**പ്രതീക്ഷയുടെ പൂമൊട്ടുകൾ, സ്പിരിച്ച്വാലിറ്റി സെന്റർ, മാങ്ങാനം പി. ഒ., കോട്ടയം 686 018







വരുവിൻ കൂട്ടരേ. നിരനിരയായി
ദൈവത്തിൻചാരേ അണഞ്ഞീടാം
ആടാം പാടാം വാഴ്ത്തീടാം
ഈശോനാഥനെ സ്തുതിച്ചീടാം.
കേൾക്കൂ നാഥൻ മൊഴിഞ്ഞീടും
സ്നേഹത്തിൻ നാദം സോദരരേ
നിങ്ങളെ ഞാൻ സ്നേഹിപ്പതുപോൽ
സ്നേഹിക്ക, നിർമ്മലരായിടുക.

ലിയാ സാബു പാലമുറിയിൽ
പൊൻകുന്നം

**കൂട്ടുകാരേ, ഈശോയുടെ ഈ തിരുവചനം നമുക്ക് മനഃപാഠമാക്കാം:**

**"ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ" (യോഹ 13,35)**

കൂട്ടുകാരേ, 'വിശുദ്ധിയുടെ മുത്തുകളിലേക്ക്' നിങ്ങളുടെ രചനകളെയും സ്വാഗതം ചെയ്യുന്നു. നല്ല സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന ചെറുകഥകളും കുട്ടിക്കവിതകളും സത്ചിന്തകളും, ഒരു പേജിൽ കവിയാതെ *പ്രതീക്ഷയുടെ പൂമൊട്ടുകൾ*ക്ക് അയച്ചുതരിക. സാധ്യമെങ്കിൽ ഫോട്ടോയും. യോഗ്യമായവ പ്രസിദ്ധീകരിക്കുന്നതാണ്.




**Bro. Naveen Plackalil**
Mar Thoma Sleeha Centre, Niranam

"Church is the light of humanity being...gathered together in the Holy Spirit, by proclaiming his Gospel of every creature if may bring to all men that light of Christ" (Vatican Council II LGI). This conciliar definition is very profound. Even after 2000 years, withstanding persecution, political storms and the test of time, the Church always marvels us as the light of humanity or Lumen Gentium. Never could the Church thrive if it was just a human organization. Here the grace of God is the oil that sustains its light, the confluence of human and divine elements in the Church is a mystery. In this season of Qudash Etthah or dedication of the Church, let us think a little on the Church and orient our youth in unison with the heart beats of the Church.

For a non christian the Church may be a solid moral authority or a shelter for the poor and destitutes or even if may be an autocratic invincible institution that ruled Europe with an iron fist. Certain people look upon the Church with distrust and suspicion. To the general public the opinions vary. As a christian what exactly is the Church to you? It is a communion of people who adores God with filial love and treats its brethren with fraternal tenderness, Many a time during our younger days we have a tendency to walk away from this communion or develop an aversion to it due to the influence of certain ideologies as corrupted theories. If somehow you have walked away from the Church, Christ asks to trace the way back to the Church.





**Not above the clouds**

"Mother, where is God"? a child asked. "There he lives, above the clouds", said the mother pointing at the sky.This answer we all have heard from our elders is a traditional explanation which said that God is high and his glory should be extolled. We always see God as someone residing above the clouds and very far from us, who can't be reached. But God came to earth and dwelt among us. He lived and trod on earth and to make him always available to us, he established his Church. Church is the sacrament of Christ. Church in the world is the living presence of Jesus who "emptied himself" (Phil 2:6) and came down to dwell among his people.

But do we really experience his living presence in the Church? During the Holy Qurbana and prayers we may be physically present but our minds may wander on the wings of fantasies. Like the disciples who went to Emmaus we too do not feel Jesus who walks by our side and instead we argue with him like a stranger. Being lethargic to prayer is the beginning of walking away from "his presence". Once Pope Benedict XVI told some youngsters, "I doubt whether God is tangible or experiencing to you". If God should be tangible, one must apply his mind and soul in prayer and open his inner eyes so as to see God in the Church.


**Church, our Mother**

St. Cyprian says, "One who cannot love Church as a mother can't see God as his father". Like an affectionate mother, the Church tends to all our needs in all stages of our life. As soon as a child is born, she purifies it with the baptismal water and embraces if as her child. As the child grows, he is strengthened by the Holy Spirit (confirmation), his sins and blemishes are blotted out (confession), he is nourished by the bread of life, she helps him to realize his vocations (sacraments of marriage and priesthood) and prepares him to the next life and caress him in illness (anointing of the sick). Thus Church like a selfless and devoted mother walks by our side in the journey of our life.

Dear youngsters, according to St. Paul the Church is the mystical body of Christ and we its members are the parts of the body. "There are many parts yet one body" (1 Cor 12:20). "The head of the body is Christ" (Eph 5:23). This analogy of the Church to the body is a good representation of the divine and human clements in the Church. If the Church errs it is because, we the human beings who constitute it are tilted to sin. Since Church belongs to God who is holiness in entirety, she is holy; since she was founded on the faith of the apostles she is apostolic; since she opens her arms to embrace all people she is Catholic (universal); since she is Christ's body and his body is unity, the Church is one.

This liturgical season of dedication of the Church urges us to trace our way back to the Church. Let us walk back to Church, where we can find the real presence of the Lord. On the threshold of the Church with a contrite heart let us pray along with the psalmist, "One thing have I asked of the Lord… that I may dwell in the house of the Lord all the days of my life" (Ps 27:4).

വിശുദ്ധരോടൊപ്പം



# ജോസഫ് വാസിന്റെ നാമകരണം ജനുവരിയിൽ

**ജിജി പുല്ലത്തിൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

**9–ാം** ക്ലാസ്സിലെ വേദപാഠ പരീക്ഷയ്ക്ക് ഒരു ചോദ്യമുണ്ടായിരുന്നു. നിങ്ങളുടെ മാമ്മോദിസാ പേരിന് കാരണമായ വിശുദ്ധന്റെ/വിശുദ്ധയുടെ പ്രത്യേകതകൾ എഴുതുക.

പല ഉത്തരങ്ങളും ഞെട്ടിപ്പിക്കുന്നവയായിരുന്നു. ചിലർക്ക് തങ്ങളുടെ മാമ്മോദീസാ പേരിന് കാരണമായ വിശുദ്ധരെപ്പറ്റി അറിയില്ലായിരുന്നു.

**ഒരുത്തരം**

1. എന്റെ മാമ്മോദീസാ പേരിന് കാരണക്കാരി റീത്ത.
2. വിദേശിയാണ്.
3. വിവരമുണ്ട്
4. വിശുദ്ധ പ്രഖ്യാപനം 2014 ൽ

**മറ്റൊരു ചോദ്യം**

ഈ വർഷം വിശുദ്ധപദവിയിലേക്ക് ഉയർത്തപ്പെട്ട മാർപാപ്പാമാർ.

**ഉത്തരം**

ബനഡിക്ട് പതിനാറാമൻ പാപ്പാ, ജോൺ പതിനാറാമൻ പാപ്പാ.

ചില ഉത്തരങ്ങളൊന്നും പ്രസിദ്ധപ്പെടുത്താൻ പറ്റാത്തവയാണ്. വിശുദ്ധരെ പരിചയപ്പെടുവാനും വിശുദ്ധരുടെ ജീവിതത്തെപ്പറ്റി പഠിക്കുവാനും ഒരുപാടു സാഹചര്യങ്ങൾ വിശ്വാസപരിശീലനവേദി ഒരുക്കുന്നുണ്ടെങ്കിലും നമ്മുടെ കുഞ്ഞുങ്ങൾ എപ്രകാരം ഇവയൊക്കെ സ്വാംശീകരിക്കുന്നുവെന്ന ചിന്ത ഒരുപാടു വേദനയുളവാക്കി...

മാധ്യമമാസ്മരികതയിൽ മനം മയങ്ങിയിരിക്കുന്ന 'ന്യൂജൻ' (ചിലർ) മതബോധനത്തെ നിർവ്വചിച്ചത് 'ബോധമില്ലാത്തവരുടെ പ്രവർ ത്തന'മെന്നാണ്.

വിചിത്രമായ ഉത്തരങ്ങളെ വിശകലനം ചെയ്ത് ചർച്ചയും ക്രോഡീകരണവുമൊക്കെ നടത്തിയപ്പോൾ ഓർമ്മകൾ ഊളിയിട്ടിറങ്ങിയത് പണ്ടത്തെ കുടുംബങ്ങളിലേക്കാണ്. 'എക്സ്പയറി ഡെയ്റ്റ്' കഴിഞ്ഞവരെന്ന് 'ന്യൂജൻ' വിശേഷിപ്പിക്കുന്ന വല്യമ്മമാരൊക്കെ സൂര്യതേജസ്സോടെ പ്രഭ ചൊരിഞ്ഞു!!!

കൂട്ടത്തിൽ കിടത്തി വിശുദ്ധരുടെയും രക്തസാക്ഷികളുടെയും കഥകൾ പറഞ്ഞുതന്നത്...

"എന്നെ വിശുദ്ധിയിൽ വളർത്തണമേ".

"രക്തസാക്ഷിയാകാൻ കൃപതരണേ"

എന്നിങ്ങനെയുള്ള പ്രാർത്ഥനകൾ ചൊല്ലി പഠിപ്പിച്ച് ഉറക്കിയ രാവുകൾ... ഉണർന്നെഴുന്നേൽക്കുമ്പോൾ



പ്രാർത്ഥനയും വിശുദ്ധരുടെ ജീവിതവുമൊക്കെ മായാതെ മങ്ങാതെ ആവേശമായി ജീവിതത്തിൽ നിറഞ്ഞുനിന്നിരുന്നു.

ഇന്ന് ഇറാക്കിലും സിറിയയിലുമൊക്കെ സംഹാര താണ്ഡവമാടുന്ന ക്രൈസ്തവമതപീഡനത്തെപ്പറ്റി അറിയാവുന്ന ഭാഷയിലൊക്കെ വിവരിച്ചിട്ടും ഇതൊന്നും എന്നെ ബാധിക്കുന്ന പ്രശ്നമേയല്ലെന്നുള്ള ഭാവത്തിൽ ഫേസ്ബുക്ക് ഫ്രണ്ട്സിനെപ്പറ്റി വാതോരാതെ സംസാരിക്കുന്ന കുഞ്ഞുങ്ങളുടെ സംസാരമൊന്നുമാറ്റാൻ, മനസ്സു തിരിക്കാനായി 2014 സെപ്റ്റംബർ 19 ലെ ദീപികദിനപത്രം നൽകിയിട്ട് 'മതപീഡനത്തിനും നരഹത്യയ്ക്കുമെതിരെ സ്നേഹത്തിന്റെ മനുഷ്യച്ചങ്ങല രൂപപ്പെടണം' എന്ന ശീർഷകത്തിൽ ആർച്ചുബിഷപ് മാർ ജോസഫ് പെരുന്തോട്ടം എഴുതിയ ലേഖനം വായിക്കാനായി ആവശ്യപ്പെട്ടു.

നീനു വായിച്ചുതുടങ്ങി:

"ഇറാക്കിലും സിറിയയിലും നടക്കുന്ന മതപീഡനങ്ങൾ ഏറ്റവും ക്രൂരവും മനുഷ്യത്വരഹിതവും കിരാതവുമാണ്. ഇതിനെതിരെ ലോകമനഃസാക്ഷി ഉണരണം. ജനങ്ങളുടെ സുരക്ഷിതത്വം ഉറപ്പാക്കേണ്ട ഭരണകൂടങ്ങൾ രാഷ്ട്രീയ താൽപര്യങ്ങൾക്കതീതമായി നിഷ്പക്ഷതയോടെ നീതിനിർവ്വഹണം നടത്തണം. സ്വന്തം നാട്ടിൽ സമാധാനത്തോടെ ജീവിക്കാനുള്ള സാഹചര്യം ഉണ്ടാകണം. മാനവസ്നേഹത്തിന്റെ മനുഷ്യച്ചങ്ങല എന്നും കോർത്തിണക്കപ്പെടണം".

വായന കഴിഞ്ഞപ്പോൾ 'മതപീഡനങ്ങൾ-രക്തസാക്ഷികൾ-വിശുദ്ധർ' എന്ന ശീർഷകത്തിൽ വിശുദ്ധരെപ്പറ്റി സ്കിറ്റ് അവതരിപ്പിക്കാൻ ഓരോ ഗ്രൂപ്പിനോടുമാവശ്യപ്പെട്ടു.

ഇന്നിന്റെ കുഞ്ഞുങ്ങളുടെ അവതരണം അത്ഭുതപ്പെടുത്തി.

ടി.വി. അവതാരകയായി അനൂപ... ഇറാക്കിലെ വാർത്തയായി അവൾ വായിച്ചുതുടങ്ങി. ഞാൻ നൽകിയ പത്രത്തിന്റെ 'പൊതുവിശേഷമായി' അവൾ അവതരിപ്പിച്ചു....

**'ജോസഫ് വാസിന്റെ നാമകരണം ജനുവരിയിൽ'**

കൊളംമ്പോയിൽ നിന്നുള്ള ക്യാമറമാ നായി രമ്യ രംഗത്തെത്തി. ഗ്രൂപ്പിന്റെ ദൃശ്യാവിഷ്കരണത്തോടെ അനൂപ വായിച്ചു തുടങ്ങി...



*ശ്രീലങ്കയിലെ ഇന്ത്യൻ മിഷണറിയായിരുന്ന വാഴ്ത്തപ്പെട്ട ജോസഫ് വാസിനെ വിശുദ്ധനായി നാമകരണം ചെയ്യുന്നതിനുള്ള തീരുമാനത്തിനു ഫ്രാൻസീസ് മാർപാപ്പ അംഗീകാരം നൽകി.*

*ജനുവരിയിൽ മാർപാപ്പ നടത്തുന്ന ശ്രീലങ്കൻ സന്ദർശനത്തിൽ നാമകരണം നടക്കുമെന്നു കൊളംബോ അതിരൂപത പത്രക്കുറിപ്പിൽ അറിയിച്ചു. ഇതോടെ 17–ാം നൂറ്റാണ്ടിലെ മിഷണറിയായിരുന്ന ജോസഫ് വാസ് ശ്രീലങ്കയുടെ പ്രഥമ വിശുദ്ധനാകും.*

*അന്നത്തെ സിലോണിലെ (ഇന്നത്തെ ശ്രീലങ്ക) അപ്പസ്തോലനായി അറിയപ്പെടുന്ന ഫാ. ജോസഫ് വാസ് 1651 ഏപ്രിൽ 21 നു ഗോവയിലാണു ജനിച്ചത്. 1676 ൽ വൈദികനായി. കാൽനടയായി സഞ്ചരിച്ച് ഇന്ത്യയിൽ സുവിശേഷം പ്രസംഗിച്ചു. 1680 ൽ ശ്രീലങ്കയിലെത്തി മിഷണറി പ്രവർത്തനം തുടർന്നു. ഡച്ചുകാരുടെ ഭരണത്തിലായിരുന്ന സിലോണിൽ അക്കാലത്ത് രൂക്ഷമായ മതപീഡനമാണ് അരങ്ങേറിയിരുന്നത്. ഒറേറ്ററി സന്ന്യാസ സഭയുടെ സ്ഥാപകനാണ്.*

*1711 ജനുവരി 17 ന് കാൻഡിയിൽ അന്തരിച്ചു.*

*1996 ജൂലൈ ആറിനു ജോൺ പോൾ രണ്ടാമൻ മാർപാപ്പ അദ്ദേഹത്തെ വാഴ്ത്തപ്പെട്ടവരുടെ ഗണത്തിൽ ഉൾപ്പെടുത്തി.*

'മതപീഡനങ്ങളിൽ മനസ്സുമടുക്കാതെ-രക്തസാക്ഷിയായി-വിശുദ്ധനാകാൻ പോകുന്ന ജോസഫ് വാസേ, ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണേ എന്ന പ്രാർത്ഥനയോട ഗ്രൂപ്പ് തങ്ങളുടെ അവതരണം അവസാനിപ്പിച്ചപ്പോൾ മരച്ചിരുന്നുപോയി... മരവിപ്പ് മാറിയപ്പോൾ ഞാനും പ്രാർത്ഥിച്ചുപോയി.

"ശാശ്വതശാന്തിക്കുറവിടമാം
കർത്താവേ, നീ തിരുസ്സഭയിൽ
നിത്യം ശാന്തി പുലർത്തണമേ
ദൃഢവിശ്വാസം നിലനിൽക്കാൻ
ഞങ്ങളെ സത്യവെളിച്ചത്തിൽ
എന്നും കാത്തു നയിക്കണമേ.

(റംശാ, ഓനീസാ ദക്ദം പള്ളിക്കൂദാശക്കാലം)

കുടുംബ വിശുദ്ധി-4



# മക്കൾ ദൈവദാനം

*കർത്താവിന്റെ ദാനമാണ് മക്കൾ, ഉദരഫലം ഒരു സമ്മാനവും. യൗവനത്തിൽ ജനിക്കുന്ന മക്കൾ യുദ്ധവീരന്റെ കയ്യിലെ അസ്ത്രങ്ങൾ പോലെയാണ്. അവ കൊണ്ട് ആവനാഴി നിറയ്ക്കുന്നവർ ഭാഗ്യവാൻ. (സങ്കീ. 127:3-5)*

**മിനി വന്യംപറമ്പിൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

പാശ്ചാത്യവത്ക്കരണം ആധുനികഭാരതത്തെ മദിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിലെ മറ്റൊരു വെല്ലുവിളിയാണ് സന്താനങ്ങളുടെ എണ്ണത്തിലുള്ള കുറവ്. ഉല്പ.1:28 സന്താനപുഷ്ടിയുള്ളവരായി പെരുകുവിൻ. സ്രഷ്ടാവായ ദൈവം തന്റെ ഈ ദൗത്യം തുടരുവാൻ വിവാഹമെന്ന കൂദാശയിലൂടെ ദമ്പതികളെ ആഹ്വാനം ചെയ്യുകയാണ്. വത്തിക്കാൻ കൗൺസിൽ വിവാഹജീവിതത്തിന്റെ ലക്ഷ്യം എന്തെന്നു പഠിപ്പിക്കുന്നുണ്ട് 1) ദമ്പതികളുടെ സ്നേഹഐക്യം 2) സന്താനോല്പാദനം 3) മക്കളുടെ വിദ്യാഭ്യാസം. അണുകുടുംബത്തിലെ കുഞ്ഞുങ്ങൾക്ക് പങ്കുവയ്ക്കുന്നതിനും നല്ല ബന്ധങ്ങൾ സ്ഥാപിക്കാനും പക്വതയോടെ പെരുമാറുന്നതിനും കുറവുകൾ പൊതുവേ കാണാറുണ്ട്. മക്കളുടെ എണ്ണം കുറവായതിനാൽ അവരെ തിരുത്താനും ശാസിക്കാനും മടികാട്ടുന്നവരും, പേടിക്കുന്നവരുമാണ്. അവിവേകമായി മക്കൾ പ്രതികരിച്ചാൽ... മക്കളെ പ്രകോപിപ്പിക്കും വിധം അവരെ തിരുത്താൻ മാതാപിതാക്കൾ ശ്രമിക്കരുത്. വി. പൗലോസ് ശ്ലീഹാ പറയുന്നതുപോലെ, "പിതാക്കന്മാരേ, നിങ്ങൾ കുട്ടികളിൽ കോപം ഉളവാക്കരുത്. അവരെ കർത്താവിന്റെ ശിക്ഷണത്തിലും ഉപദേശത്തിലും വളർത്തുവിൻ" (എഫേ. 6,4).

ക്രിസ്തീയസ്നേഹം ദൈവസ്നേഹത്തിൽ നിന്നും ദൈവാനുഭവത്തിൽനിന്നും ഉരുത്തിരുയുന്നതാണ്. ദൈവസ്നേഹത്തിൽ നിന്നും രൂപംകൊള്ളുന്ന പരസ്നേഹത്തിന്റെ ശൈലി കുടുംബത്തിൽ പുലർത്തുകയും പുതിയ തലമുറയെ സ്നേഹത്തിൽ പരിശീലിപ്പിക്കുകയും ചെയ്യുക എന്ന കടമ മുതിർന്നവരുടേതാണ്. ധാർമ്മികത തകരുന്ന ആധുനിക യുഗത്തിൽ ധർമ്മവും നീതിയുമൊക്കെ കുടുംബങ്ങളിൽ പുലരുവാൻ നാം അതീവശ്രദ്ധ ചെലുത്തണം. വാക്കുകളേക്കാൾ ജീവിത മാതൃകയാണിവിടെ കൂടുതൽ പ്രചോദനാത്മകം.ധാർമ്മികകാര്യങ്ങളിലുള്ള അടിയുറച്ച നിഷ്ഠ ചെറുപ്പത്തിലേ പുതിയ തലമുറയ്ക്കു നൽകാതെ നമുക്കു ഭാവി ഭദ്രമാക്കുക സാധ്യമല്ല. കുടുംബങ്ങളിൽ കുത്തഴിഞ്ഞ ജീവിതമാണെങ്കിൽ മക്കൾ തകർച്ചയുടെ പാതയിലായിരിക്കും ചരിക്കുക. മാതാപിതാക്കളുടെ നിസ്വാർത്ഥതയും ത്യാഗമനസ്ഥിതിയും നല്ല മാതൃകയും മക്കളുടെ സ്വാഭാവരൂപീകരണത്തിനു നിദാനമാണ്. ഇവ കുടുംബത്തിൽ നിറഞ്ഞുനില്ക്കണം. അവ കണ്ടും കേട്ടും കൊണ്ടും കുട്ടികൾ പഠിക്കണം. കുടുംബവും കുടുംബാന്തരീക്ഷവും നന്മയുടെ ഈറ്റില്ലമായിരിക്കണം. നല്ല മാതാപിതാക്കളിൽ നിന്നു നല്ല മക്കൾ രൂപംകൊള്ളുന്നു. ഈശോ പറയുന്നു: നല്ലവൃക്ഷം നല്ല ഫലവും ചീത്ത വൃക്ഷം ചീത്ത ഫലവും പ്രദാനം ചെയ്യും. ഫലത്തിൽ നിന്നു വൃക്ഷത്തെ തിരിച്ചറിയാൻ കഴിയുമെന്ന്.

ആധുനികകാലഘട്ടത്തിൽ മക്കൾ വഴിപിഴയ്ക്കുന്നത് സാഹചര്യങ്ങളാവാം, മാധ്യമങ്ങളാവാം, ശിക്ഷണത്തിന്റെ കുറവാകാം, പാരമ്പര്യമാവാം, അമിതമായ ലാളനയോ സുഖസൗകര്യങ്ങളോ ആവാം. എന്നാൽ മക്കളെ യഥാർത്ഥമായ, പക്വമായ ശിക്ഷണമാർഗ്ഗത്തിലൂടെ നയിച്ചാൽ, മക്കൾ വഴിതെറ്റിപ്പോകുകയില്ല. മക്കളുടെമേൽ നല്ലൊരു ജാഗ്രത ആവശ്യമാണ്. അവരിലെ തിന്മയെ പിഴുതെറിയാനും പറിച്ചുകളയാനും നന്മകളെ നട്ടുപിടിപ്പിക്കാനും വളർത്താനും മാതാപിതാക്കൾ അറിഞ്ഞിരിക്കണം. സുഭാഷിതത്തിൽ ഇപ്രകാരം പറയുന്നു: *കുട്ടിയെ ശിക്ഷിക്കാൻ മടിക്കേണ്ട, വടികൊണ്ട് അടിച്ചെന്നുവച്ച് അവൻ മരിച്ചുപോവുകയില്ല. അടിക്കുമ്പോൾ നീ അവനെ പാതാളത്തിൽ നന്നു രക്ഷിക്കുകയാണ് (സുഭാ. 23:13-14).* കുഞ്ഞുങ്ങൾക്കു നല്കുന്ന സ്നേഹപരിലാളനത്തോടൊപ്പം ശാസനങ്ങളും താഡനങ്ങളും കൊടുത്തു പരിശീലിപ്പിച്ചു വളർത്തണം. അവയൊക്കെ വളരെ ശ്രദ്ധയോടും സംയമനത്തോടും ഏറെ സ്നേഹത്തോടുംകൂടെ വേണം നിർവഹിക്കുകവാൻ. മക്കളെ ജനിപ്പിച്ചതുകൊണ്ടുമാത്രം മാതാപിതാക്കളുടെ ഉത്തരവാദിത്തം തീരുന്നില്ല. ഉത്തരവാദിത്തപൂർണമായ മാതൃത്വവും പിതൃത്വവും നല്ലമക്കളെ വാർത്തെടുക്കുന്നതിലാണ് അടങ്ങിയിരിക്കുന്നത്. അത്, മക്കളുടെ സമഗ്രമായ വളർച്ചയിൽ അതായത് ആത്മീയവും ഭൗതികവും മാനസികവും ബൗദ്ധികവുമായ വളർച്ചയിലും ഒപ്പം വൈകാരികമായ വളർച്ചയിലും സഹായിക്കുക എന്നതാണ്. എല്ലാറ്റിലുമുപരി മക്കളെ സ്വർഗീയപിതാവിന്റെ ഇഷ്ടമനുസരിച്ച് ഭൂമിയിൽ ജീവിക്കേണ്ടതെങ്ങനെ എന്നു പഠിപ്പിക്കുക എന്നതാണ് ഏറ്റവും വലിയ കർത്തവ്യം; ഇപ്രകാരം വളർത്തപ്പെടുന്ന മക്കളെക്കുറിച്ചാണ് സങ്കീർത്തനം *127-ൽ പറയുക, കർത്താവിന്റെ ദാനമാണ് മക്കൾ, ഉദരഫലം ഒരു സമ്മാനവും.*

*യൗവനത്തിൽ ജനിക്കുന്ന മക്കൾ യുദ്ധവീരന്റെ കയ്യിലെ അസ്ത്രങ്ങൾ പോലെയാണ്. അവ കൊണ്ട് ആവനാഴി നിറയ്ക്കുന്നവർ ഭാഗ്യവാൻ.*

കുട്ടികളുടെ സമഗ്രവളർച്ചയെ സഹായിക്കാൻ അവരുടെ പ്രത്യേകതകളെ മനസിലാക്കി ഇടപെടണം. അവരിലുള്ള കഴിവുകളെയും കുറവുകളെയും മാതാപിതാക്കൾ കണ്ടെത്തി അതനുസരിച്ചുള്ള വിദ്യാഭ്യാസരീതിയും മക്കൾക്കു നല്കണം. നല്ല വിദ്യാഭ്യാസം എല്ലാ മാതാപിതാക്കളുടെയും ആഗ്രഹമാണ്. തങ്ങളുടെ സാമ്പത്തികസ്ഥിതിയും മക്കളുടെ ബുദ്ധി വൈഭവവും കണ്ടറിഞ്ഞുവേണം മക്കളെ ഏതു സ്കൂളിൽ ചേർക്കണം എന്നു തീരുമാനിക്കാൻ. അപ്പോൾ ആവശ്യമില്ലാത്ത ഭാരങ്ങൾ മാതാപിതാക്കളും മക്കളും വഹിക്കേണ്ടി വരികയില്ല. മക്കളുടെ മേൽ അമിതമായ പ്രതീക്ഷവയ്ക്കരുത്, കാരണം ബുദ്ധിയുടെ വൈഭവം ഓരോ കുട്ടിക്കും വ്യത്യസ്തമായിരിക്കും. ഉചിതമായ നിലയിൽ വളരാനും പഠിക്കാനും അവരെ സഹായിക്കുക, അവസരമൊരുക്കുക എന്നതാണ് കരണീയം. അല്ലാത്തപക്ഷം ഉന്തി മരം കയറ്റുന്നതിനു തുല്യമാകും.


വിദ്യാഭ്യാസകാലയളവിൽ മക്കളുടെമേൽ നല്ലൊരു ശ്രദ്ധ ഉണ്ടാവണം. ഇന്ന് സമൂഹത്തിൽ അലയടിക്കുന്ന സ്വാധീനശക്തികളെക്കുറിച്ച് ശരിയായി ഗ്രഹിക്കാനും അവയുടെ ദൂഷിതവലയത്തിൽ നിന്നും തങ്ങളുടെ മക്കളെ രക്ഷിക്കാനും മാതാപിതാക്കൾക്കു കഴിയണം. വിദ്യാഭ്യാസത്തോടൊപ്പം മൂല്യാധധിഷ്ഠിതമായ ഒരു ജീവിതം നയിക്കുന്നതിനും മക്കളെ പരിശീലിപ്പിക്കണം. മക്കളുടെ കൂട്ടുകാരും അവർ വായിക്കുന്ന പുസ്തകങ്ങളും അവർ കാണുന്ന സിനിമകളും സി.ഡി.കളും അവരുടെ നന്മയ്ക്കുതകുന്നതാണോ എന്ന് പരിശോധിച്ചറിയണം. തക്കസമയത്ത് വേണ്ട നിർദേശങ്ങൾ നല്കി നേർവഴിനയിക്കാൻ മാതാപിതാക്കൾക്കു കഴിയണം. . അങ്ങനെ കുട്ടികൾ അശുദ്ധിയുടെ പാതയിൽ ചരിക്കാതെ വിശുദ്ധരായ ദൈവമക്കളായി രൂപംകൊള്ളും. മക്കളുടെ വളർച്ചയിലും വിദ്യാഭ്യാസത്തിലും പ്രദർശിപ്പിക്കേണ്ട കടമകൾ നിർവഹിച്ചുകൊണ്ട് പിതൃത്വത്തിന്റെയും മാതൃത്വത്തിന്റെയും ദൗത്യങ്ങൾ പൂർത്തീകരിക്കുക. പതിനൊന്നാം പീയൂസ് പാപ്പ തന്റെ 'ക്രൈസ്തവവിവാഹം' എന്ന ചാക്രികലേഖനത്തിൽ പറയുന്നു: മാതാപിതാക്കളെ ദൈവം ഏല്പിച്ച താലന്തുകളാണ് അവരുടെ മക്കൾ, വിധിദിവസം ഈ താലന്തുകൾ പലിശസഹിതം തിരിച്ചേല്പിക്കുന്നതാണ് അവരുടെ കടമ. ദൈവം തങ്ങളെ ഏല്പിച്ച ഈ ദാനങ്ങളെ ഏറ്റം സ്നേഹത്തോടെ പരിപാലിക്കാനും നഷ്ടമാകാതെ ദൈവകരങ്ങളിൽ തിരിച്ചേല്പിക്കാനും കഴിയട്ടെ. ഇപ്രകാരം കർത്തവ്യങ്ങളും കടമകളും അഭംഗുരം പാലിച്ചുകൊണ്ട് വരും തലമുറയെ പടുത്തുയർത്തുവാൻ ഓരോ മാതാപിതാക്കൾക്കും സാധിക്കട്ടെ.











# താബോറിൽനിന്നു താഴ്‌വരയിലേക്ക്

**ഷിനി തെരേസ് മുതുപ്ലാക്കൽ**

"**ഞാ**നും എന്റെ മൂന്നു പെൺമക്കളും എങ്ങനെയാ ജീവിക്കുന്നതെന്ന് ആർക്കും അറിയണ്ടല്ലോ. അല്ലേലും അതൊക്കെ അന്വേഷിക്കേണ്ട ആവശ്യം നിങ്ങൾക്കില്ലല്ലോ, അല്ലേ?"

മുഖം കയ്യിലിരുന്ന ചട്ടിയേക്കാളും കറുപ്പിച്ച് കടുത്ത ഭാഷയുമായി വീട്ടിലേക്ക് സ്വീകരിച്ച ചേച്ചിയെ ഒന്നനുനയിപ്പിക്കാനായി ചോദിച്ചു: "എന്ത്യേ ചേച്ചീടെ വീട്ടുകാരൻ?"

"അങ്ങേര് ഒളിച്ചുപോയിട്ട് ഇപ്പോ അഞ്ചാറു മാസമായി"

"ഒളിച്ചുപോകാൻ മാത്രം എന്തു പ്രശ്നമാ ഉള്ളത്? കടബാദ്ധ്യതകൾ വല്ലതുമുണ്ടോ?"

"എട്ടുപത്തു സെന്റു ഭൂമീം സ്കൂളിലെ തൂപ്പു ജോലിയുമുള്ളതുകൊണ്ട് അഷ്ടിക്കു മുട്ടില്ലാതെ കഷ്ടിച്ചു കഴിയുന്നു. പിന്നെ അങ്ങേര് വല്ലപ്പോഴും വല്ലതും തരികേം ചെയ്യുമായിരുന്നു".

"പിന്നെന്തുപറ്റി?"

"എന്നാ പറയാനാ... കുടിച്ചു ലക്കുകെട്ട് നാലു കാലിൽ വന്നു കേറിയാലും പൊരേലൊരാളുണ്ടായിരുന്നു ഇത്രേം നാളും. നവീകരണം കഴിഞ്ഞേൽപ്പിന്നെ ഞാനിപ്പം വിധവെപ്പോലെയായി. എന്റെ വിധി!".

ധ്യാനം കൂടി കുടി നിർത്തി കുടീന്ന് ഇറങ്ങിപ്പോയ കണവനെക്കുറിച്ചു

പിന്നീടു പറഞ്ഞ പ്രസ്താവനകൾ കേട്ടപ്പോൾ പുതിയൊരു ഭാഷാ നിഘണ്ടു പ്രസിദ്ധീകരിക്കാനുള്ള പദസമ്പത്ത് ഞാൻ നേടിക്കഴിഞ്ഞിരുന്നു. ഒരുപക്ഷേ ചേട്ടന്റെ ഒളിച്ചോട്ടത്തിന്റെ പിന്നിൽ ഈ നാവിന്റെ സംഭാവനയും ചെറുതായിരിക്കില്ല!

ആ പദപ്രയോഗങ്ങൾ ചുരുക്കിയാൽ കഥയിങ്ങനെ... അത്യാവശ്യം കുടിയും വെടിയും കൂട്ടും കൊട്ടുമൊക്കെയായി നടന്നിരുന്ന വീട്ടുകാരൻ ഒരു നവീകരണധ്യാനം കൂടിയതാണ് പ്രശ്നം. മാനസാന്തരപ്പെട്ട് സ്വർഗീയപാതയിൽ സഞ്ചരിക്കുന്ന അയാൾക്കിപ്പോൾ സ്വന്തം പാതിയെക്കുറിച്ചോ പെൺകുഞ്ഞുങ്ങളെക്കുറിച്ചോ ഉള്ള വിചാരം പ്രാർത്ഥനയ്ക്കിടയിലെ പലവിചാരമാണത്രേ. സ്വന്തം കുടുംബം സ്വർഗത്തിലെ കട്ടുറുമ്പാണുപോലും. കുത്തഴിഞ്ഞ കഴിഞ്ഞകാലജീവിതത്തിന്റെ ഫ്ളാഷ്ബാക്കിൽ മാനസാന്തരകഥയും ഇന്നത്തെ വിശുദ്ധമായ ജീവിതവും വിവിധ സ്റ്റേജുകളിൽ പ്രഘോഷണവിഷയമാക്കുന്ന അയാൾക്ക് കുടുംബത്തിലുള്ളവരെക്കുറിച്ചു ചിന്തിക്കാൻ എവിടെ സമയം?

കടമകൾ മറന്നുകൊണ്ടുള്ള ആദ്ധ്യാത്മികജീവിതം ശരിയായ ക്രിസ്തീയജീവിതമാണോ? അങ്ങനെയുള്ള ഒരു പ്രാർത്ഥനാജീവിതമാണോ ഉടയവൻ ആഗ്രഹിക്കുന്നതെന്ന അന്വേഷണം ആവശ്യമല്ലേ? ആത്മീയതയുടെ പരിവേഷമണിഞ്ഞ്, പ്രാർത്ഥനയിലൂടെ ഒളിച്ചോട്ടം നടത്തി, കടമകളിൽനിന്നും മറഞ്ഞിരിക്കുന്ന ജീവിതം ദൈവഹിതമോ? ചെയ്യേണ്ടത് ചെയ്യേണ്ടതുപോലെ ചെയ്യേണ്ട സമയത്ത് ചെയ്യുക എന്നതാണ് ചൊവ്വായ തീരുമാനം.

ഈശോയുടെ പരസ്യജീവിതത്തിന്റെ അവസാനകാലത്തുണ്ടായ രൂപാന്തരീകരണസംഭവം സുവിശേഷകന്മാർ രേഖപ്പെടുത്തുന്നതോർക്കാം... രൂപാന്തരീകരണവേളയിലെ സ്വർഗീയാനുഭവത്തിൽ മതിമറന്ന്, കൂടെയുണ്ടായിരുന്ന ശിഷ്യന്മാരുടെ പ്രതിനിധിയായി പത്രോസ് ഈശോയോടു പറഞ്ഞു: "ഗുരോ, നാം ഇവിടെ ആയിരിക്കുന്നതു നല്ലതാണ്. ഞങ്ങൾ മൂന്നു കൂടാരങ്ങൾ ഉണ്ടാക്കാം. ഒന്നു നിനക്ക്, ഒന്നു മോശയ്ക്ക്, ഒന്ന് ഏലിയായ്ക്ക്" (ലൂക്കാ 9,33). എന്നാൽ അവിടെ കൂടാരങ്ങൾ നിർമ്മിക്കാനോ ആ സ്വർഗീയാനുഭവത്തിൽത്തന്നെ ആയിരിക്കാനോ അവർക്കു സാധിച്ചതായി സുവിശേഷങ്ങൾ രേഖപ്പെടുത്തുന്നില്ല.

മലയിൽനിന്ന് ഇറങ്ങിവന്നപ്പോൾ അവർക്കു നേരിടേണ്ടി വന്നത് പിശാചുബാധ ഒഴിപ്പിക്കാനുള്ള വെല്ലുവിളി...! (മർക്കോ 9,14-29). പ്രാർത്ഥനാനിമിഷങ്ങളുടെ സ്വച്ഛതയിൽനിന്നും ലോകവ്യാപാരത്തിന്റെ ഒച്ചപ്പാടിലേക്ക് അവർക്കിറങ്ങേണ്ടി വന്നു. ദൈവാനുഭവത്തിന്റെ മലമുകളിൽ ആയിരിക്കാനാവാതെ മലയുടെ അടിവാരത്ത് നിന്നിരുന്ന ശിഷ്യർക്ക് പിശാചുബാധ ഒഴിപ്പിക്കാനായില്ല എന്നതും മറ്റൊരു യാഥാർത്ഥ്യം. 'എന്തുകൊണ്ടാണ് ഞങ്ങൾക്ക് അതിനെ ബഹിഷ്കരിക്കാൻ കഴിയാതെപോയത്' എന്ന ശിഷ്യരുടെ രഹസ്യപരിഭവത്തിന് പരിഹാരവചനം ചൂണ്ടിക്കാട്ടിയത് പ്രാർത്ഥനയുടെ ആവശ്യകതയിലേക്കാണല്ലോ.

ക്രിസ്തീയജീവിതം കയറ്റിറക്കങ്ങളുടെ ജീവിതമാണ്. ആത്മീയതയുടെ ഉന്നതഗിരിയിലേക്കും അവിടെനിന്ന് അനുദിന ജീവിതത്തിന്റെ വ്യാപാരങ്ങളിലേക്കുമുള്ള ഒരു കയറ്റിറക്കം. അതെ, താബോറിന്റെ തണലിൽനിന്നും താഴ്വാരത്തിലെ തർക്കത്തിലേക്കുള്ള (മർക്കോ 9,14-16) ഒരു യാത്ര... പ്രാർത്ഥനയുടെ പ്രപഞ്ചത്തിൽനിന്ന് പ്രവർത്തനത്തിന്റെ പന്ഥാവിലേക്കുള്ള ഒരു പ്രയാണം... ദൈവസന്നിധിയിൽ നിന്നാർജ്ജിച്ച കരുത്തുകൊണ്ട് ജീവിതപ്രതിസന്ധികളെ ഒരുക്കത്തോടെ നേരിടാനുള്ള ഒരു ഒഴുക്ക്... ദൈവഹിതം നിറവേറ്റിയുള്ള ജീവിതത്തിനുശേഷം നിത്യമായ സ്നേഹത്തിൽ വിലയം പ്രാപിക്കുന്നതുവരെ, സ്വർഗത്തിലെ പൂർണമായ സമർപ്പണംവരെ, ഈ കയറ്റിറക്കം നമുക്കാവശ്യമാണ്.









# കുഞ്ഞുങ്ങളാകാം....സ്വർഗ്ഗം നേടാം

**ഷിജി പറപ്പള്ളിയാത്ത്**
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

സ്വർഗ്ഗരാജ്യം ലക്ഷ്യമാക്കിയാണ് നമ്മുടെ യാത്രകളെല്ലാം. അതിനുവേണ്ടി എത്ര മൈലേജുകൾ കടക്കാനും പരിഷ്കൃത ലോകത്തിന് മടിയില്ല. അതിദൂരത്തല്ലാതെ ഒരു സ്വർഗ്ഗരാജ്യം ഉണ്ടെന്ന് ഇശോ പറയുന്നു (മത്താ 19,14-15). അത് ശിശുക്കൾക്ക് അവകാശപ്പെട്ടതാണ്. തന്റെ ഛായസാദൃശ്യങ്ങൾ പകരാൻ ആ കുശവൻ തന്റെ കൈകളിലെ ശ്രേഷ്ഠമായ കളിമണ്ണാണ് കുഴച്ചത്. ആദി നൈർമല്യത്തിലേക്ക്.... വിസ്മയങ്ങളിലേക്ക്..... പ്രത്യാശയിലേക്ക് ഒരു മടക്കയാത്ര. കഴിവിലും കരുത്തിലുമപ്പുറം മിഴികളിൽ തെളിയേണ്ട ശിശുഭാവം. കാപട്യമില്ലാത്ത ഇടം, മറയില്ലാതെ സത്യത്തിന്റെ അവതരണം, നൊമ്പരച്ചെപ്പ് ദൂരെയെറിഞ്ഞവർ...! ഉള്ളിലൊരായിരം നക്ഷത്ര ജ്വാലയുമായി പിറന്നുവീഴുന്ന കുഞ്ഞുങ്ങളുടെ നല്ല സ്വപ്നങ്ങൾ പലപ്പോഴും പരസ്യവിപണികൾ വിഴുങ്ങുന്നില്ലേ? ഒരു നിയമവും ആ ബാലവേലയ്ക്ക് കേസെടുക്കാറില്ല. കാരണം മാതാപിതാക്കളും കോടതികയറേണ്ടിവരും.

ഏതുവിധേനയും തങ്ങളുടെ കുഞ്ഞുങ്ങളെ സ്റ്റാർ അണിയിക്കാനും സ്റ്റാർ ആക്കാനും സ്റ്റാർകളിലേക്ക് തള്ളിവിടാനും അഹോരാത്രം പണിപ്പെടുന്ന ലോകം. വളർത്തുന്നതോ തളർത്തുന്നതോ ആയ കമന്റുകൾക്കു മുമ്പിൽ വീകാരാധീനരാകുന്നത് മാതാപിതാക്കൾ. വേഷം കൊണ്ടും ഭാഷ കൊണ്ടും കുഞ്ഞാകാൻ കൊതിക്കുന്നവർ യഥാർത്ഥത്തിൽ കുഞ്ഞാകുവാൻ മടിക്കുന്നു. ജീവിതത്തിൽ അനുപാതമില്ലാത്ത ചെറുപ്പവലിപ്പങ്ങൾ വൈകല്യമായിട്ടേ കാണാൻ പറ്റൂ. ആദർശബാലനായ ഒരു കുട്ടിയെക്കുറിച്ച് ഒരു കമന്റുണ്ട് "അവൻ പ്രായത്തിലും ജ്ഞാനത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും മുമ്പിൽ കൃപയിലും വളർന്നുവന്നു" എന്ന് (ലൂക്കാ 2,52).

സമഗ്രതയുടെ വളർച്ച തെളിഞ്ഞുനിന്ന അവന്റെ ബാല്യത്തെപ്പറ്റി കൊച്ചു കുറിപ്പുകളേ ബൈബിൾ സമ്മാനിച്ചുള്ളു. ദൈവപുത്രനായിട്ടും സൃഷ്ടികളായ രണ്ട് വ്യക്തികളെ മാതാപിതാക്കളായി സ്വീകരിച്ച് അവർക്ക് വിധേയനായി ജീവിച്ചു (ലൂക്കാ 2,51). യഹൂദ പാരമ്പര്യത്തിൽ പ്രാഥമിക വിദ്യാഭ്യാസം നടത്തി, പതിവായി പ്രാർത്ഥന, പഠനം, ജോലി എന്നിവയിൽ അവൻ ഏർപ്പെട്ടു. ബാലനായിരിക്കെ ബുദ്ധിശക്തിയിലും വാക്‌വിലാസത്തിലും പണ്ഡിതരെപ്പോലും അത്ഭുതപ്പെടുത്തി. "ഇവൻ തച്ചന്റെ മകനല്ലേ, ഇവന് ഈ ജ്ഞാനവും ശക്തികളും എവിടെനിന്നു കിട്ടി" (മത്താ 13, 54-55). ഉപാദ്ധ്യായന്മാരുടെ ഇടയിലിരിക്കാനും അവർ പറയുന്നത് കേൾക്കാനും അവരോട് ചോദ്യങ്ങൾ ചോദിക്കാനും അവൻ ധൈര്യപ്പെട്ടു. പരദേശിയുടെ കഠിനജീവിതാനുഭവങ്ങളും ദരിദ്രകുടുംബത്തിന്റെ പരാധീനതകളും അവന് സംതൃപ്തിയുടെതായിരുന്നു. അതിനനുസരിച്ച ജീവിതനിലപാടുകളും സ്വീകരിച്ചു. അനുസരണം, സത്യസന്ധത, കൃത്യനിഷ്ഠ, എളിമ, സ്നേഹം... തുടങ്ങിയ ജീവിതമൂല്യങ്ങളും ചെറുപ്പം മുതലേ അവൻ അഭ്യസിച്ചു. അപ്പനമ്മമാരുടെ വാത്സല്യവും, അറിവില്ലായ്മയും ചൂഷണം ചെയ്ത് എന്തിനും ഏതിനും കടുംപിടുത്തം പിടിക്കുന്ന വിഡ്ഢികളുടെ കൂടെ അവൻ എണ്ണപ്പെട്ടില്ല.

അദ്ധ്വാനത്തിന്റെ പകലിനുശേഷം അന്തിയിലെത്തുന്ന പിതാവിന്റെ മടിത്തട്ടിലിരുന്ന് അവന്റെ ആകുലതകളുടെയും ആശങ്കകളുടെയും കണ്ണീർച്ചാലുകൾ ആ ശിശുവിന്റെ നെഞ്ചിലൂടെ ചാലുവീഴ്ത്തുമ്പോൾ അവൻ അതിനെ ഇളം കൈകളാൽ ചേർത്തുപിടിച്ചിട്ടുണ്ടാവും. അതുകൊണ്ടായിരിക്കാം വളർന്നപ്പോൾ അവൻ പറഞ്ഞത് അദ്ധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരും എന്റെ അടുക്കൽ വരുവിൻ, ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാമെന്ന്. മനുഷ്യന്റെ മടിത്തട്ടിലെ ദൈവമനസ്സ്!

ചുറ്റുമുള്ള ഭൂസൗന്ദര്യം കാണാനും കരങ്ങൾകൂപ്പാനും ശിരസ്സു നമിക്കാനും മറക്കുന്നു നമ്മൾ. എന്നാൽ ആഡംബരങ്ങളിൽ ഭ്രമിച്ച സോളമനെക്കാൾ ഭംഗി വയലിറമ്പിലെ ചെറുപൂവിലവൻ കണ്ടു. ആകാരപുഷ്ടിയോടെ വാനിൽ വിഹരിക്കുന്ന പറവകളുടെ അറപ്പുര അവൻ നോക്കി. കുഞ്ഞിനോട് വളർന്ന് വലുതാവാൻ ചൂണ്ടുന്ന വിരലുകൾ സ്വയം ചെറുതാകാൻ പ്രയോഗിക്കില്ല നാം. വലിപ്പമുള്ള ഇടം തപ്പുന്നവർ പലപ്പോഴും ചെറുമയുടെ കളമൊരുക്കാൻ പറയും. കൃത്യങ്ങളുടെ കൃതി അവർക്കന്യമാണ്. "വലിയവൻ" ആരാണെന്ന് അറിയുവാൻ ചുറ്റുപാടുകളിലേക്ക് മിഴിപായിക്കുന്ന ലോകത്തോട് ഈശോയ്ക്ക് ഒരു മറുപടിയുണ്ട്. "മാനസാന്തരപ്പെട്ട് ശിശുക്കളെപ്പോലെ ആകുന്നില്ലെങ്കിൽ സ്വർഗ്ഗരാജ്യത്തൽ പ്രവേശിക്കുകയില്ലെന്ന്". അത് പ്രത്യേക കോച്ചിങ്ങോടുകൂടിയ 'എൻട്രൻസ് എക്സാം'. സൂപ്പർ സ്റ്റാർ ആകാനും, സ്റ്റാർ അണിയിക്കാനും സുവർണ്ണാവസരം. ശിശുവായാൽ..... സ്വർഗ്ഗരാജ്യം ഉറപ്പ്.








# സ്വർഗസ്ഥനായ പിതാവേ...

സ്റ്റെഫി മംഗലത്തുകുന്നേൽ

പള്ളിക്കൂദാശക്കാലം സഭയുടെ സ്വർഗപ്രവേശനത്തെ അനുസ്മരിക്കുന്ന കാലമാണ്. എന്റെ സ്വർഗപ്രവേശനത്തിനുള്ള സമയം ഇപ്പോഴാണെങ്കിൽ ഞാൻ അതിന് യോഗ്യത നേടിയിട്ടുണ്ടോ എന്ന് ചിന്തിക്കേണ്ട കാലം. ദിവസവും പല ആവർത്തി അധരംകൊണ്ടോ ഹൃദയം കൊണ്ടോ ഉരുവിടുന്ന കർത്തൃപ്രാർത്ഥന ഞാൻ ജീവിതത്തിൽ പ്രാവർത്തികമാക്കുന്നുണ്ടോ? 'സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ...' ശേഷം, 'എന്റെ നാമം പൂജിതമാകണമേ, എന്റെ രാജ്യം വരണമേ, എന്റെ ഇഷ്ടംപോലെ എല്ലാം നടക്കണമേ' എന്നതാണ് നമ്മുടെ പ്രാർത്ഥന. അതിനായി അന്നന്നുവേണ്ട ആഹാരംപോലും ഇല്ലാത്ത അയൽക്കാരനെ കണ്ടില്ലെന്നു നടിച്ച് ഒരല്പം സ്നേഹംപോലും കൊടുക്കാതെ എന്റെ അലമാരകളും അക്കൗണ്ടുകളും നിറയുന്നതും നോക്കി ഞാനിരിക്കും. എന്റെ നാമം എല്ലാവരും പ്രകീർത്തിക്കേണ്ടതിനുവേണ്ട പരസ്നേഹവും തീർച്ചയായും കൂടെയുണ്ടാകും!

'ഞങ്ങളോടു തെറ്റുചെയ്യുന്നവരോടു ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ നമ്മുടെ തെറ്റുകൾ ക്ഷമിക്കണമേ'.... തമ്പുരാന്റെ മുമ്പിൽ നില്ക്കുമ്പോൾ ഈ വാചകം ഹൃദയത്തിൽനിന്നു പറയാൻ എനിക്കാവുന്നുണ്ടോ? "ഇല്ല... ആ വ്യക്തിയോടു ക്ഷമിക്കാൻ എനിക്കാവില്ല..." ഇതുപോലെ നമ്മുടെ മനസ്സിലുയരുന്ന ചിന്തകൾ കർത്താവിന്റെ കുരിശിൻചുവട്ടിൽ സമർപ്പിക്കാം. പതിയെപ്പതിയെ നമ്മെ കർത്താവിൽനിന്നും, ദൈവരാജ്യത്തിൽനിന്നും അകറ്റുന്ന സാത്താന്റെ 'പ്രലോഭനങ്ങളിൽ ഞങ്ങളെ ഉൾപ്പെടുത്തരുതേ' എന്നു പ്രാർത്ഥിക്കാം. ഞാൻ ചെയ്യുന്നതു നന്മ മാത്രമാണെന്നു ചിന്തിച്ച് അറിയാതെ ദൈവത്തിന്റെ വഴിയിൽനിന്നകന്നു സഞ്ചരിക്കുന്നവരും വിശുദ്ധി എനിക്കുവേണ്ടിയല്ല; അത് എനിക്ക് അപ്രാപ്യമാണ് എന്നു ചിന്തിക്കുന്നവരുമാകാതെ ദൈവം എനിക്കു തന്നവരെയെല്ലാം സ്നേഹിച്ച് സ്വർഗീയമണവറയിൽ കർത്താവിനെ പരിശുദ്ധൻ എന്നു പാടിസ്തുതിക്കാൻവേണ്ട യോഗ്യത സമ്പാദിക്കാൻ ഈ നിമിഷംമുതൽ നമുക്കു പരിശ്രമിക്കാം.

# സെനക്കിൾ തരംഗം

### സന്ദേശം

മിശിഹായിൽ പ്രിയപ്പെട്ട വൈദികസഹോദരരേ,

ആരാധനക്രമവത്സരത്തിൽ പള്ളിക്കൂദാശക്കാലത്തിലേക്ക് നാം പ്രവേശിക്കുകയാണല്ലോ. മിശിഹാ തന്റെ മണവാട്ടിയായ സഭയെ പിതാവിനു സമർപ്പിക്കുന്ന ഈ സന്ദർഭത്തിൽ നമ്മുടെ സമർപ്പണത്തിലേക്കും നമുക്ക് ഒന്നു തിരിഞ്ഞുനോക്കാം. തന്റെ പിതാവിനു നമ്മെ സന്തോഷത്തോടെ സമർപ്പിക്കുവാൻ മിശിഹായ്ക്കു സാധിക്കുംവിധം നാം സമർപ്പിതരായിത്തീർന്നിട്ടുണ്ടോ? പരിശുദ്ധമായ തന്റെ ശരീരത്തിൽ സവിശേഷാംഗങ്ങളാകുവാൻ നിസ്സാരരും ബലഹീനരുമായ നമ്മെ അവിടുന്നു കാരുണ്യാതിരേകത്താൽ യോഗ്യരാക്കി. അതിന് അനുയോജ്യമാംവിധം സവിശേഷമായ ഒരു ജീവിതസമർപ്പണത്തിലേക്ക് വളരുവാൻ നമുക്ക് എത്രമാത്രം സാധിച്ചിട്ടുണ്ട്? 'സമർപ്പിതരാകുക' എന്നു വച്ചാൽ പരിശുദ്ധനായ ദൈവത്തിനുവേണ്ടി മാറ്റി വയ്ക്കപ്പെട്ടവരാകുക, ദൈവത്തിന്റേതാകുക എന്നാണ് അർത്ഥം. പൂർണ്ണമായും ദൈവത്തിന്റേതായിത്തീരാത്ത വിചാരങ്ങളും വികാരങ്ങളും വാക്കുകളും പ്രവൃത്തികളും ജീവിതതലങ്ങളും നമ്മിൽ ഇനിയും അവശേഷിക്കുന്നുണ്ടെങ്കിൽ അവയെ വിട്ടുപേക്ഷിച്ച് പൂർണ്ണമായും ദൈവത്തിന്റേതാകുവാൻ നമുക്ക് സ്വയം വിട്ടുകൊടുക്കാം.

**മല്പാൻ ഫാദർ മാത്യു വെള്ളാനിക്കൽ**
**ജനറൽ മേജർ ഫാദർ**

### വാർത്തകൾ

അപ്പസ്തോലിക് സൊദാലെസ് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഇറ്റാലിയൻ നേഷൻതലത്തിലുള്ള വാർഷികസമ്മേളനവും ജനറൽ കൗൺസിൽ മീറ്റിംഗും 2014 ഓഗസ്റ്റുമാസം 26 മുതൽ 30 വരെയുള്ള തീയതികളിൽ ജെനോവായിൽ ബെൽപിയാനോ എന്ന സ്ഥലത്തുവച്ച്, ഡോൺ മാരിയോ പിയെറാച്ചിയുടെ ആതിഥേയത്വത്തിൽ നടന്നു. ഇന്ത്യയിൽനിന്നും ജനറൽ മേജർ ഫാദർ മാത്യു വെള്ളാനിക്കലച്ചനും, ജനറൽ സെക്രട്ടറി ജോസഫ് ചാലാശ്ശേരിയച്ചനും പ്രസ്തുത മീറ്റിംഗിൽ സംബന്ധിച്ചു. ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രമാണരേഖയുടെ വ്യാഖ്യാനത്തിന്റെ ഒരു ടെക്സ്റ്റിന് ജനറൽ കൗൺസിൽ അന്തിമരൂപം നല്കി. അതിന്റെ ഒരു കോപ്പി എല്ലാ അംഗങ്ങൾക്കും അയച്ചുകൊടുത്ത് അഭിപ്രായം ശേഖരിക്കണമെന്ന് തീരുമാനിച്ചു. ഡിറക്ടറിയുടെയും തുടർപരിശീലന പ്രോഗ്രാമിന്റെയും ജോലികൾ തുടരാനും തീരുമാനിച്ചു.

അടുത്ത ജനറൽ കൗൺസിൽ മീറ്റിംഗിനു മുമ്പ് ജനറൽ മേജർ ഫാദർ അമേരിക്കയിലെ സൊദാലെസ് അംഗങ്ങളെ സന്ദർശിച്ച് അവരോടൊപ്പം വാർഷികസമ്മേളനത്തിൽ പങ്കുചേരണമെന്നും കൗൺസിൽ അഭിപ്രായപ്പെട്ടു.

-സെനക്കിൾ വൈദികകൂട്ടായ്മയിൽ പങ്കുചേരുവാൻ താല്പര്യമുള്ളവർ, *സെനക്കിൾ തരംഗം, സ്പിരിച്ച്വാലിറ്റി സെന്റർ, മാങ്ങാനം പി.ഒ., കോട്ടയം-686 018* എന്ന വിലാസത്തിൽ ബന്ധപ്പെടുക.







# അമ്മയോടൊപ്പം അനുഗ്രഹവഴിയേ

**ഫിലോ കുറ്റിയാത്ത്**
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

ക്രൈസ്തവജീവിതം ഉപ്പും ഉറയുമാണെന്ന് ഫ്രാൻസീസ് മാർപാപ്പ ഉദ്ബോധിപ്പിക്കുന്നു. ഉപ്പ് വളരെ ലളിതമായ പദാർത്ഥമാണെങ്കിലും മറ്റുള്ളവർക്ക് രുചിപകരാനും അതിനെ രൂപാന്തരപ്പെടുത്തുവാനും അതിനു കഴിവുണ്ട്. അതു വെറുതെ അടച്ചു പൂട്ടി വച്ചാൽ ഉറകെട്ട് ഉപയോഗശൂന്യമായി തീരുമെന്നും മാർപാപ്പ പഠിപ്പിക്കുന്നു. മാനവവംശത്തിനു മുഴുവനും ഉപ്പും ഉറയുമായി തീർന്ന പരി. മറിയത്തോട് ഈ കുടുംബവിശുദ്ധീകരണവർഷത്തിൽ നമുക്കു പ്രാർത്ഥിക്കാം.

**1-ാം ദൈവരഹസ്യം**

നമ്മുടെ ആവശ്യങ്ങളിൽ സഹായവുമായി ഓടിയെത്തുന്ന അമ്മയാണ് പരി. മറിയം എന്ന് ഫ്രാൻസീസ് മാർപാപ്പ പറയുന്നു. മംഗളവാർത്ത സ്വീകരിച്ച മറിയം ചാർച്ചക്കാരിയായ എലിസബത്തിനെ ശുശ്രൂഷിക്കാനായി തിടുക്കത്തിൽ പുറപ്പെട്ടതുപോലെ നമ്മുടെ വ്യക്തിപരമായ ജീവിതത്തിലും നമുക്കു സഹായമേകാനായി പരി. മറിയം തിടുക്കത്തിൽ വന്നെത്തുമെന്ന് പാപ്പാ വിശ്വാസികളെ ഓർമ്മപ്പിച്ചു. അപേക്ഷിച്ചാൽ ഉപേക്ഷിക്കാത്ത പരി. അമ്മയോട് നമ്മുടെ ആവശ്യങ്ങളിൽ സഹായമായി നമ്മുടെ കൂടെ ഉണ്ടാകണമേ എന്നു പ്രാർത്ഥിക്കാം. 1 സ്വർഗ്ഗ, 10 നന്മ, 1 ത്രിത്വ

**2-ാം ദൈവരഹസ്യം**

"ജ്ഞാനസ്നാനത്തിലും സ്ഥൈര്യലേപനത്തിലും നാം സ്വീകരിച്ച വിശ്വാസത്തിന്റെ ഉപ്പ് സമൂഹജീവിതത്തിൽ നന്മയുടെ വിത്തു വിതറുകയും സ്നേഹത്തിൽ രൂപാന്തരപ്പെടുത്തുകയും ചെയ്യുന്നു" എന്നു ഫ്രാൻസീസ് പാപ്പാ പഠിപ്പിക്കുന്നു. വിശ്വാസത്തിന്റെ ഉപ്പ് ഉറകെട്ടുപോകാതെ അതിന്റെ പൂർണ്ണതയിൽ ജീവിച്ച പരിശുദ്ധ അമ്മയോട് ഈ കുടുംബവിശുദ്ധീകരണവർഷത്തിൽ വിശ്വാസത്തിന്റേയും പ്രത്യാശയുടേയും ഉപവിയുടേയും ഫലങ്ങൾ ലോകത്തു പ്രസരിപ്പിക്കുന്നതിനുള്ള കൃപ നൽകണമെ എന്നു പ്രാർത്ഥിക്കാം. 1 സ്വർഗ്ഗ, 10 നന്മ, 1 ത്രിത്വ

**3-ാം ദൈവരഹസ്യം**

പ്രത്യാശയിൽ രക്ഷ എന്ന ചാക്രികലേഖനത്തിൽ ബനഡിക്ട് 16-ാം മാർപാപ്പ പറയുന്നു "മനുഷ്യജീവിതം ഒരു യാത്രയാണ്. ഇരുണ്ടതും കൊടുങ്കാറ്റുനിറഞ്ഞതുമായ ചരിത്രസാഗരത്തിലൂടെ നാം യാത്ര ചെയ്യുമ്പോൾ വഴികാട്ടുന്ന പ്രത്യാശയുടെ നക്ഷത്രമാണ് പരി. മറിയം. ഉണ്ണിമിശിഹായെ കാണാൻ പൂജരാജാക്കന്മാർ നക്ഷത്രത്തെ നോക്കി യാത്ര ചെയ്തു". അതുപോലെ പ്രത്യാശയുടെ നക്ഷത്രമായ പരി. മറിയത്തെ നോക്കിക്കൊണ്ട് യാത്ര ചെയ്യാനും വഴിതെറ്റാതെ നേരായപാതയിൽ മുന്നേറുവാനും ഒരോ കുടുംബത്തിനും സാധിക്കുന്നതിനായി കുടുംബവിശുദ്ധീകരണ വർഷത്തിൽ നമുക്കു പ്രാർത്ഥിക്കാം. 1 സ്വർഗ്ഗ, 10 നന്മ, 1 ത്രിത്വ

**4-ാം ദൈവരഹസ്യം**

വിശ്വാസത്തിന്റെ വെളിച്ചം എന്ന ചാക്രികലേഖനത്തിൽ ഫ്രാൻസീസ് മാർപാപ്പ പറയുന്നു "മറിയം തന്റെ ജീവിതത്തിൽ വചനം ഫലമണിയാൻവേണ്ടി താൻ കണ്ടതും കേട്ടതും തന്റെ ഹൃദയത്തിൽ നിധിപോലെ സംഗ്രഹിച്ചുവച്ചു" എന്ന്. വചനത്തെ ഹൃദയത്തിലും ഉദരത്തിലും വഹിച്ച പരി. അമ്മയെപ്പോലെ ഇന്നത്തെ കുടുംബങ്ങൾ വചനത്തിൽ ആഴപ്പെടുവാനും വചനം ജീവിക്കുന്നവരാകുവാനുമായി അമ്മയോടു നമുക്കു പ്രാർത്ഥിക്കാം.

**5-ാം ദൈവരഹസ്യം**

"ഈശോയുടെ അമ്മയും സഭയുടെ മാതാവുമായ പരി. മറിയം പൈശാചിക ശക്തികളുടെ പരീക്ഷണങ്ങളിൽ സഹായിക്കുവാൻ എപ്പോഴും സഭയോടൊപ്പമുണ്ട്" എന്ന് ഫ്രാൻസീസ് മാർപാപ്പ പഠിപ്പിക്കുന്നു. സഭയുടെ ചെറിയ പതിപ്പായ കുടുംബങ്ങളിൽ പ്രശ്നങ്ങൾ നേരിടുമ്പോൾ, പ്രലോഭനങ്ങൾ ഉണ്ടാകുമ്പോൾ പൈശാചിക ശക്തികളുടെ പരീക്ഷണങ്ങൾ അനുഭവപ്പെടുമ്പോൾ നമ്മോടൊപ്പമുള്ള, നമ്മെ സഹായിക്കാൻ തയ്യാറായി നില്ക്കുന്ന പരി. മറിയത്തെ നമുക്ക് ഓർമ്മിക്കാം. അമ്മയോടു നമുക്കു പ്രാർത്ഥിക്കാം. 1 സ്വർഗ്ഗ, 10 നന്മ, 1 ത്രിത്വ




വിചാരണ

# ദൈവം ഒരു കൂട്ടുപ്രതിയോ??

ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ

രണ്ടു കള്ളന്മാർ രാത്രിയിൽ ഒരു ക്ഷേത്രത്തിന്റെ നേർച്ചപ്പെട്ടി പൊളിക്കുകയാണ്. കുറേ നേരത്തെ പരിശ്രമത്തിനുശേഷം ബലവത്തായ ആ നേർച്ചപ്പെട്ടി അവർ തുറന്നു. അതിലെ മുഴുവൻ പണവും അവരുടെ സഞ്ചിയിലാക്കി. മോഷണം വിജയകരമായി പൂർത്തിയായപ്പോൾ ആശാൻ കള്ളൻ സഞ്ചിയിൽനിന്ന് കുറച്ചു പണം തിരിച്ചെടുത്ത് ശിഷ്യൻ കള്ളന്റെ കൈയിലേല്പിച്ചിട്ട് ക്ഷേത്രത്തിന്റെ അങ്ങേവശത്തുള്ള നേർച്ചപ്പെട്ടിയിൽ കാണിക്കയിടാൻ പറഞ്ഞു. ശിഷ്യൻ ആ പണംകൊണ്ടുപോയി ക്ഷേത്രനടയിൽ പ്രാർത്ഥിച്ച് അവിടെയുള്ള ഭണ്ഡാരപ്പെട്ടിയിൽ നിക്ഷേപിച്ചു... ഇത് കഴിഞ്ഞ ദിവസം കണ്ട ഒരു സിനിമയിലെ ഒരു രംഗം. പക്ഷേ ഇന്നത് നിത്യവും കൺമുമ്പിൽ കണ്ടുകൊണ്ടിരിക്കുന്ന ഒരു യാഥാർത്ഥ്യമായി മാറിയിരിക്കുന്നു.

ജീവിതത്തിലെ കൊള്ളരുതായ്മകൾക്കു പരിഹാരമായി ദൈവാലയങ്ങളിലും ക്ഷേത്രങ്ങളിലുമൊക്കെ നേർച്ചയിടുകയും പാവപ്പെട്ടവർക്കു നന്മ ചെയ്യുകയുമൊക്കെ ചെയ്യുന്ന ഒരു ശൈലി നമ്മുടെ നാട്ടിലുണ്ട്. ഏതു മതത്തിലാണെങ്കിലും പരിഹാരകൃത്യങ്ങളുടെ ലക്ഷ്യം, അതു ചെയ്യുന്ന വ്യക്തിയുടെ ജീവിതത്തിന്റെ വിശുദ്ധീകരണമാണ്. ജീവിതനവീകരണം അതിനാൽത്തന്നെ അതിന്റെ ആത്യന്തിക ലക്ഷ്യവുമാണ്. ആ നിലയ്ക്കു അവ പൂർണമായും അർത്ഥവത്തുമാണ്.

എന്നാൽ ആ പരിഹാരകൃത്യങ്ങളുടെ അർത്ഥവും ലക്ഷ്യവുമൊക്കെ ക്രമേണ നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണോയെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. കള്ളക്കടത്തും കള്ളപ്പണവും കട്ടമുതലും സംരക്ഷിക്കാൻ ശേഷിയുള്ള അമാനുഷികമായ ഒരു പാർട്ടണറായി ദൈവത്തെ നോക്കിക്കാണുന്നവർ ഇന്നു കൂടിവരുന്നു. അതുകൊണ്ടുതന്നെ കട്ട മുതലിന്റെ ഒരു ഭാഗം നേർച്ചയായി ദൈവത്തിനു കൊടുത്ത് മനഃസാക്ഷി ശുദ്ധമാക്കി അടുത്ത തട്ടിപ്പിന്റെ തിരക്കഥയൊരുക്കുന്നവരായി അവർ മാറുന്നു. നിയമത്തെയും നിയമപാലകരെയും പണംകൊണ്ട് വരുതിയിലാക്കാമെന്നു പഠിച്ചവർ ആ തന്ത്രംതന്നെ ദൈവത്തോടും പ്രയോഗിക്കുന്നു!! ദൈവത്തെ കൂട്ടുപ്രതിയാക്കിക്കൊണ്ടുള്ള ഈ ജീവിതശൈലി യഥാർത്ഥ വിശ്വാസജീവിതത്തിൽനിന്ന് എത്രയകലെയാണെന്ന് അവർ തിരിച്ചറിയുന്നില്ല. ലാഭവിഹിതം പങ്കുപറ്റുന്ന ഒരു കൂട്ടാളിയായി ദൈവത്തെ കൂടെക്കൂട്ടുന്നവർ അറിയുന്നില്ലല്ലോ നേർച്ചപ്പെട്ടിയിൽ ഇടാൻ യോഗ്യതയില്ലാത്ത യൂദാസിന്റെ വെള്ളിനാണയങ്ങളാണ് തങ്ങളുടെ സമ്പാദ്യമെന്ന്.

അതുപോലെതന്നെ, മറ്റുള്ളവർക്കെതിരേയുള്ള നമ്മുടെ തിന്മപ്രവൃത്തികളുടെ ഉത്തരിപ്പുകടം നൊവേന ചൊല്ലിയും കുർബാന ചൊല്ലിച്ചും തീർക്കാമെന്നു കരുതുന്നത് ശരിയല്ല. വി. കുർബാന പാപമോചകമാണെന്നതിന് ഈശോയുടെ വാക്കുകൾതന്നെയാണ് സാക്ഷ്യം. എന്നാൽ അയൽക്കാരന്റെ മുതലിൽ കൈവച്ചിട്ട് പള്ളിയിൽവന്നു കൈകൂപ്പിനിന്നാൽ അതിനു പരിഹാരമാകുമെന്ന് ആ വാക്കുകൾക്കർത്ഥമില്ല. വേലക്കാർക്കു കൊടുക്കാതെ പിടിച്ചുവച്ച കൂലി എന്റെ പക്കൽ നിലവിളിക്കുന്നു (യാക്കോ 5,4) എന്ന വചനം നമ്മുടെ എല്ലാ അനധികൃതസമ്പാദ്യങ്ങൾക്കും ബാധകമാണെന്ന് നാമറിയണം. ചെയ്ത തെറ്റുകൾ തിരുത്തുക എന്നതുതന്നെയാണ് ഏറ്റവും ഉചിതമായ പരിഹാരം. ദൈവത്തെ കൂട്ടുപിടിക്കേണ്ടത് അതു ചെയ്യാനുള്ള ശക്തി നമുക്കു ലഭിക്കേണ്ടതിനാണ്. അനധികൃതമായി സമ്പാദിച്ചത് ഉടമസ്ഥരെ തിരിച്ചേല്പിക്കുകയോ അർഹരായവർക്കു നല്കുകയോ ചെയ്ത് ജീവിതശൈലി തിരുത്തുവാൻ നമ്മൾ അനുഷ്ഠിക്കുന്ന പരിഹാരകൃത്യങ്ങൾ നമ്മെ സഹായിക്കുന്നില്ലെങ്കിൽ അവയുടെ യഥാർത്ഥചൈതന്യത്തിലേക്കു നാം ഇപ്പോഴും പ്രവേശിച്ചിട്ടില്ല എന്നാണർത്ഥം.





# പ്രതീക്ഷയുടെ പൂമൊട്ടുകൾ

"കർത്താവായ ദൈവമേ, പഴയ നിയമത്തിലെ തെരഞ്ഞെടുക്കപ്പെട്ട ജനത്തിന്റെ സ്ഥാനത്തു നില്ക്കുന്ന ദൈവജനമായ തിരുസഭയെ തൃക്കൺപാർക്കണമേ. പകൽ മേഘത്തൂണും രാത്രി അഗ്നിസ്തംഭവുംവഴി അവരെ നയിച്ചതുപോലെ ഇന്നു ഞങ്ങളുടെ മനഃസാക്ഷിയെ പ്രമാണങ്ങളുടെ തണലും വെളിച്ചവും നല്കി നയിക്കണമേ, ആമ്മേൻ".

(പള്ളിക്കൂദാശാക്കാലം, ചൊവ്വ-റംശ)

For private circulation only

പ്രോസാങ്ട്ടിറ്റി പബ്ലിക്കേഷൻസ്